

# വെളിച്ചത്തിലേക്ക്

**PHSS PANDLLUR**

2023-24

2023-24

# വെളിച്ചത്തിലേക്ക്

ലിറ്റിൽ കൈറ്റിന്റെയും വിദ്യാരംഗത്തിന്റെയും
സംയുക്ത സംരംഭം

**D**esigned by

little KITEs

In Association with

പൊതുവിദ്യാഭ്യാസവകുപ്പ്

വിദ്യാരംഗം കലാസാഹിത്യവേദി

# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ : അശ്വിൻ രാജ് . എം**

**സബ് എഡിറ്റർ : ജൽവ ജന്നത്**

**ലേയൗട്ട് : അബ്ദുൾ ഹാദി/ഹാദിയ/ശ്രാവൺ ഇ എം/റിയ ജെബിൻ**

**സഹായികൾ : തീർത്ഥ/അലൂഫ്/നീലിമ/ഫർഹാന/അന്ന**



# ആമുഖം

P.H.S.S എന്ന വൻ കലാലയം ഒരു വർഷം കൂടി മുന്നോട്ടുനീങ്ങിയിരിക്കുന്നു. ഈ അക്കാദമിക വർഷത്തിന്റെ സായാഹ്ന വേളയിൽ സ്കൂളിലെ സാങ്കേതികതലങ്ങളെ കുറിച്ച ആഴത്തിൽ പഠിക്കുകയും സ്കൂളിനുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന വിദ്യാർത്ഥിസംഘടനയായ ലിറ്റിൽ കൈറ്റിന്റെയും, മലയാളഭാഷ പരിഭോഷനത്തിനായി പ്രവർത്തിക്കുകയും വിദ്യാർത്ഥികൾക്ക് മുമ്പിൽ ഭാഷ യുടെ വാതിൽ തുറന്നുകൊണ്ട എഴുത്തിന്റെയും വരയുടെയും ലോകം അവർക്കുമുമ്പിൽ അനാവരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന വിദ്യാർത്ഥിസംഘടനയായ വിദ്യാരംഗം കലാസാഹിത്യ വേദിയുടെയും ആഭിമുഖ്യത്തിൽ പുറത്തിറക്കുന്ന സ്കൂൾ annual മാഗസിനാണ് വെളിച്ചത്തിലേക്ക്.

സമൂഹത്തിൽ നിറഞ്ഞുനിൽക്കുന്ന വിവിധതരം അന്ധതകളെയും അതിന്റെ പ്രത്യാഘാതങ്ങളെ ക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുക എന്ന ലക്ഷ്യമാണ് 'വെളിച്ചത്തിലേക്ക് ' എന്ന വിഷയം മാഗസീന്റെ അടിസ്ഥാനവിഷയമാക്കാൻ എഡിറ്റോറിയൽ ബോർഡ് നെ പ്രേരിപ്പിച്ചത്.അത്തരത്തിൽ കാര്യപ്രാപ്തമായ വിഷയം തിരഞ്ഞെടുക്കുകയും അതിനെ കുറിച്ചുള്ള കാര്യമായ അവബോധം കുട്ടികളിൽ വരുത്തുകയും ചെയ്യുക എന്നതായിരുന്നു മാഗസിൻ പ്രവർത്തനത്തിന്റെ ആദ്യപടിയായി ഞങ്ങൾ ചെയ്തത്.

വായിക്കാൻ ഇഷ്ടമുള്ള ,വായനയിൽ ഉന്മാദം കണ്ടെത്തുന്ന ഒരുപാട് വിദ്യാർഥികളും അധ്യാപകരും അടങ്ങുന്ന ഞങ്ങളുടെ ക്യാമ്പസിനെ സംബന്ധിച്ച് ഈ വാർത്ത ആനന്ദം പകരുന്നതുതന്നെയായിരുന്നു.തങ്ങളുടെ ആത്മാവിൽ നിശിബ്ദമായിരിക്കുന്ന കഴിവുകൾ പ്രകടിപ്പിച്ചുകൊണ്ട കൃതികൾ ഏൽപ്പിക്കാൻ വിദ്യാർഥികൾ ഉത്സാഹം കാണിച്ചത് പ്രവർത്തനങ്ങളെ ഒന്നുകൂടെ സുഖകരമാക്കി .പതിവിൽ നിന്നും വ്യത്യസ്തമായി ഈ മാഗസിൻ പൂർണ്ണമായും പന്തല്ലൂർ എന്ന വന്മരത്തില് നിന്ന സ്നേഹവും ,ഊർജ്ജവും,കരുത്തും, നേടിയെടുത്ത വിദ്യാർഥികളാകുന്ന കൊച്ചുകിളികളുടെ നിർമിതി ആണ് എന്നതാണ് വാസ്തവം കരുത്തുപകർന്ന അതിനുവേണ്ടി ഞങ്ങളാകുന്ന വിദ്യാർഥികൾക്ക നൽകി കൂടെനിന്ന അധ്യാപകർക്കും , ഞങ്ങൾക്ക് എല്ലാ പ്രചോദനവും പ്രധാനധ്യാപകർക്കും, നിരന്തരം മാഗസിൻ വർക്കുകളെ കുറിച് ഞങ്ങളെ ഉപദേശിക്കുകയും ,എന്ത്, എങ്ങനെ, എവിടെ ,എന്നുതുടങ്ങുന്ന കാര്യങ്ങളെക്കുറിച് ഞങ്ങൾക്ക് പറഞ്ഞ് തരുകയും ചെയ്ത വിദ്യാരംഗം കോർഡിനേറ്റർ മനു സാറിനും ലിറ്റിൽ കൈറ്റ് കോർഡിനേറ്റേയ്സ് ആയ കൃഷ്ണകുമാർ മാഷിനും മുനീർ മാഷിനും ഞങ്ങൾ കടപ്പെട്ടിരിക്കുകയും ചെയ്യുന്നു.

**അശ്വിൻ രാജ് . എം**
(ചീഫ് എഡിറ്റർ)

# ഉള്ളടക്കം


| | |
|---|---|
| 07 | ആരാണ് മനുഷ്യന്റെ ശത്രു |
| 09 | A GUY TOLD ME<br>(You are pretty for a dark skinned girl ) |
| 10 | കയ്യൊപ്പ് |
| 12 | Soul of Darkness |
| 13 | പുകവലി |
| 14 | ഏകാന്തത |
| 15 | എന്റെ വിജയം |
| 18 | SKY OF MY WORLD |
| 19 | നഷ്ടം |
| 20 | കലിയുഗം |
| 21 | പ്രതീക്ഷ |
| 22 | സമൂഹമേ ഹത്യ... |
| 28 | HOPE |
| 29 | പ്രണയ ചിത്രം |
| 31 | പറക്കാം അതിരുകളില്ലാതെ |
| 34 | മാതൃഭാഷ |
| 35 | പടിയിറക്കത്തിന്റെ മുറിപ്പാടുകൾ |

# ആരാണ് മനുഷ്യന്റെ ശത്രു?

ഫർഹാന.പി

യുദ്ധം മനുഷ്യർക്കിടയിൽ ഒരു ഇരുട്ടടിയാണ്. ആരാണ്  കാരണം?എവിടെ നിന്ന് പൊട്ടിപ്പുറപ്പെട്ടു?എന്നൊന്നുമറിയില്ല.വാളിന്റെ കലാവിരുതുകൾ ആരംഭിക്കുന്നു.തുളുമ്പുന്ന രക്തവും പിച്ചിച്ചീന്തുന്ന മാംസവും വാളിന്റെ ചിലിം ചിലിം ശബ്ദങ്ങളോട് മാപ്പ് ചോദിക്കുന്നു.യുദ്ധക്കളത്തിൽ വെട്ടി വീഴുന്നത്  മരങ്ങളല്ല, ചെടികളല്ല, ജീവിതത്തിൽ സ്വപ്നങ്ങൾ കണ്ട ജീവനിൽ കൊതിച്ച മനുഷ്യരാണ് പച്ചയായ മനുഷ്യരാണ് കണ്ട് ജീവനിൽ കൊതിച്ച മനുഷ്യരാണ്,പച്ചയായമനുഷ്യൻ.

ആരാണ് കുറ്റക്കാരൻ? ആരാണ് നിരപരാധി ? ജീവനറ്റുകിടക്കുന്ന ശവങ്ങളിൽ നിന്ന് ഇത്തരം ചോദ്യങ്ങൾ ഉയരുന്നുണ്ടോ എന്ന് കാലത്തിന് തന്നെ സംശയം മനുഷ്യ ഹൃദയങ്ങളെ തമ്മിൽ ഉരസുന്നതാരാണ്. യുദ്ധം നടത്തിയവരും അല്ലാത്തവരും മണ്ണിൽ കിടക്കുന്നു . പൗരന്മാരായ യുവാക്കളുടെ ചൂടുചോരയുടെ ഗന്ധം അന്തരീക്ഷത്തിൽ ഒഴുകുന്നു . കഴുകന്മാർ ആഹ്ലാദിക്കുന്നു.പിന്നെ ആരാണ് വിജയി ? സമൂഹത്തിൽ നാശം വിതക്കുന്ന യുദ്ധം നടത്താൻ മനുഷ്യരെ പ്രേരിപ്പിക്കുന്നത് എന്താണ്?

പെറ്റമ്മയെത്തിരഞ്ഞ്  നെട്ടോട്ടമോടുന്ന പിഞ്ചോമനകൾ വാളിന്റെ മൂർച്ചയെയും ബോംബിന്റെ പുകയേയും  വെറുക്കുന്നു,ഭയക്കുന്നു.ജീവിതം കണ്ടു തുടങ്ങുന്ന ചെറിയ ചെറിയ മക്കൾ രക്തത്തിന്റെ മണവും യുദ്ധത്തിന്റെ അലർച്ചയും കേട്ട് വളരുന്നു,പിന്നെ ഭാവിയിൽ യുദ്ധം നടത്താൻ അവഎങ്ങനെ ആഗ്രഹിക്കാതിരക്കും യുദ്ധം കൊടുമ്പിരി കൊള്ളുമ്പോൾ ചിലർപറയുന്നു. താൻ എന്തു തെറ്റാണ് ചെയ്തത്?പിന്നെ ആരാണ് തെറ്റ് ചെയ്തത്? ഇറ്റി വീഴുന്ന രക്ത തുള്ളികൾ വിളിച്ചോതുന്നു , അവയുടെ നിരപരാധിത്വം ! യുദ്ധം നടത്തി വിജയിച്ച അതിൽ ആഹ്ലാദം തിരയുകയാണോ മനുഷ്യർ ? അതൊരു ആഹ്ലാദമാണോ ബോംബ് നിറച്ച പോർവിമാനങ്ങളെക്കൊണ്ട് ജീവനെടുത്ത കുഞ്ഞുങ്ങളുടെ രോധനം ആഹ്ലാദമാക്കി യെടുക്കാൻ ഭ്രാന്തരാണോ മനുഷ്യൻ?എത്ര  എത്ര സ്വപ്നങ്ങളാണ് പാതിവഴിയിൽ മരണത്തിലേക്ക് പിന്തിരിഞ്ഞോടിയത് . മനസ്സാൽ മനുഷ്യൻ തുല്യരാണ്,ദൈവത്തിൻ കൂട്ടിലെ കിളികളെ പോലെ കഴിയേണ്ട നമ്മൾ തമ്മിൽ



പോരാടിക്കുന്നത് എന്തിന് സ്വന്തം സഹോദരനെ രണ്ടായിപ്പിളർത്തുമ്പോൾ , നാം ഓർക്കുമോ തന്റെ സഹോദരനാണിയാളെന്ന്?ഉടലോട് തല യാത്ര യാകുമ്പോൾ പൂർത്തിയാകാത്ത ചില സ്വപ്നങ്ങൾ ഉള്ളിലോട്ടു വലിയുന്നു . യുവാക്കളുടെ ചൂടുചോര ആറിതണുത്താൽ ,അവർചിന്തിക്കുന്നുണ്ടാവാം, “വേണ്ടായിരുന്നു” എന്ന് , പക്ഷേ വീണ്ടും അവർ ഏതൊരു ക്രൂരകൃത്യവും ചെയ്യാൻ മടിക്കാത്തതെന്ത് കൊണ്ട് ? സമൂഹത്തിലിന്ന് നിലനിൽക്കുന്ന ഇരുണ്ട ബുദ്ധിയെ തോൽപ്പിച്ചുകൊണ്ട് നാം സ്നേഹിക്കാൻ പഠിക്കണം . “സ്നേഹം” എന്ന മൂന്നക്ഷരത്തിനപ്പുറം അതിന്റെ കരുത്തുറ്റ വേരുകളെ മനസ്സിൽ നട്ടു നയിച്ചു ഉണ്ടാക്കണം . നാം സൗഹൃദപ്പെടണം , തമ്മിൽ ചേർത്തുപിടിക്കണം . കരങ്ങൾ മാത്രം കോർത്താൽ പോരാ..., ഹൃദയത്തിലെ അറകൾ തമ്മിൽ ചേരണം .സിരയിലും ധമനിയിലും തിളച്ചുമറിയുന്നത് ശാന്തിയും, സമാധാനവും ആക്കുവാൻ പഠിക്കണം. സ്നേഹം എന്ന സ്നേഹകം കൊണ്ട് മനസ്സിന്റെ ഗർഷണത്തെ ഇല്ലാതാക്കണം . ഒരുമയുടെ രുചി രക്തത്തിൽ അലിയിപ്പിക്കണം . ശാന്തിയിലും സമാധാനത്തിലും മിഴികൾ തണുക്കട്ടെ, രക്തക്കറ കൊണ്ട് ചുവന്ന മണ്ണിൽ ഉയരണം സമാധാനത്തിന്റെ നോമ്പുകൾ, രക്തം മണക്കുന്ന അന്തരീക്ഷത്തിൽ തഴുകട്ടെ സമാധാനത്തിന്റെവെള്ളരിപ്രാവുകൾ.

മിഴി തുറക്കുന്ന പൈതലിനെ പഠിപ്പിക്കേണ്ടത് കൊല്ലാനും നുറുക്കാനുമല്ല , സ്നേഹിക്കാനും സഹായിക്കാനുമാണ്. സ്വന്തം ഉയിരാണെന്ന് എല്ലാവരെയും വിചാരിച്ചാൽ വാളിന്റെ മൂർച്ചക്കും ബോംബിന്റെ പുകക്കും തീയിന്റെ നാളങ്ങൾക്കും അവിടെ പ്രസക്തി ഉണ്ടോ? ഏതു മൂർച്ചയേറിയ ആയുധങ്ങൾക്കും വിദ്വേഷങ്ങൾക്കും സ്നേഹത്തിന്റെയും ഒരുമയുടെയും തിളക്കത്തെ തോൽപ്പിക്കാനാവില്ല. പ്രതികാരവും ക്രൂരതയും വൈരാഗ്യവും തീർത്ത വേലികളെ തട്ടിത്തകർത്തുകൊണ്ട് സ്നേഹത്തെ നമുക്ക് വരവേൽക്കാം . അമൂല്യ രതം കൊണ്ട് ഈ ഇരുണ്ട ലോകത്തെ നമുക്ക് ശോഭിതമാക്കണം . അങ്ങനെ മർത്യസിരകളിൽ നിണയിലലിഞ്ഞ് ഒഴുകട്ടെ . ആധുനികത ചെവിയിലോതുന്ന മന്ത്രം യുദ്ധങ്ങൾക്ക് ചൂട് പിടിക്കുന്നോ ?

മനുഷ്യർക്ക് ശത്രുവായി ഭൂമിയിൽ ആരാണുള്ളത്?ആരുമില്ല... പിന്നെ ഈ യുദ്ധങ്ങളുടെയും ബോംബിടലുകളുടേയും ഉറവിടം എവിടെ നിന്ന് ? അതെല്ലാം തീർച്ചയായും മനുഷ്യന്റെ ഹൃദയത്തിൽ നിന്ന് മാത്രമാണ് . വെറുപ്പുംപും, പ്രതികാരവും ആർത്തിയും , അസുയയുമൊക്കെ ഒരുമിച്ച് കൂടി രൂപപ്പെടുന്ന ഒരു വികൃത രൂപ.ആ രൂപം ഹൃദയത്തെ ഏതൊരു കൊടുംക്രൂരത ചെയ്യാനും പ്രേരിപ്പിക്കുന്നു . പക്ഷെ.... തന്റെ മനസ്സിനെ പോലും നിയന്ത്രിക്കാൻ കഴിവില്ലാത്തവനാണോ മനുഷ്യമനുഷ്യ മനസ്സുകൾ ഇത്രയും മൂർച്ച പെടാനും അവ തമ്മിൽ ഏറ്റുമുട്ടാനും ഉള്ള പ്രധാന കാരണം പണമാണ്. അതിനോടുള്ള ആർത്തിയാണ്... ഇന്ന് ലോകത്ത് നടക്കുന്ന യുദ്ധങ്ങൾക്കും അടിപിടിക്കും കവർച്ചക്കുമൊക്കുമൊക്കെയുള്ള കാരണത്തിന്റെ കമ്പെടുത്തുനോക്കിയാൽ ഒരു ചോദ്യം ആരുടെ മനസ്സിലുമുതിരും. മനുഷ്യന്റെ ശത്രു മനുഷ്യൻ തന്നെയോ? തികച്ചും അസ്സഹനീയം.

# A GUY TOLD ME
## (You are pretty for a dark skinned girl )

Ever since I was, born my mom had to face unsolicited advice. I’m dark skinned. So, relatives would give her tips on how to make me 'fair'. My mom was never bothered and brushed it off when it became a topic of conversation. It got worse when my brother was born. He was brighter than me. The comparisons were endless. Even at school I was compared to a crow and everyone around me would talk on how to be more fair. As I went through all this, it was engraved in my mind that my skin colour wasn’t norm. It affected how I felt about myself and my life. I was disturbed, My mom even suggested therapy. I hit my lowest when I wanted to play the lead in a school play, I was meant for it but I was asked to play the role of a tree instead since it would be matching to my ‘skin colour’ . That day I cried for hours. After that I quit theatre and joined sports. Being in the sun gave me an excuse to why I was dark. Even when I had to go out of my house, I would always cover my face. But one day I was out with a friend and my hands were over my face ,covering it. My friend saw it and swatted my hands off of my face . She looks straight in my eye and said that I was gorgeous. She said that my skin was “my identity” and it’s the most beautiful colour she has ever seen. It was the first time that I received a compliment. It was a wake up call. For too long I had let other people’s opinion affect me and the way I thought and let all that take control of my entire identity. It was tough, but I made small changes. I stopped covering my face, started applying layers of sunscreen and drowned in the sounds of haters.

Once, I went on a date with a guy who told me “your pretty for dark skinned girl” . I just got up and left. I learnt to value and appreciate myself. Can I tell you something ? When I started doing that it felt like the entire universe was now in my favour. people started loving my confidence ,opportunities opened up and life didn’t seem unfair anymore. Sometimes all we ever need is a strong belief in our self and seeing our self as to love the way we are and not to doubt yourself or think your lacking , but to know that you would be brave , beautiful and that frivolous standard of beauty has got nothing on you.

-avomia

# കയ്യൊപ്പ്

മോളെ നീ നന്നായിരിക്കുന്നു എന്ന് കരുതുന്നു ,ഇനി അങ്ങനെ ആണെങ്കിലും അല്ലെങ്കിലും അങ്ങനെ കേൾക്കാനാണ് ഈ ഉമ്മക്കിഷ്ടം . ഒരുപാട് എനിക്ക് എഴുതാൻ ഒന്നും വിശേഷം ഇല്ല . ഒന്നിളകാൻ പോലും പറ്റാതെ മൂലയിൽ ഇരിക്കുന്ന ഒരു വയസ്സായ സ്ത്രീക്ക് എന്ത് വിശേഷമാണുള്ളത് . എങ്കിലും നീയെന്റെ കത്ത് കാത്തിരിക്കുന്നുണ്ടെന്ന് എനിക്കറിയാം . അതുകൊണ്ട് മാത്രമാണ് ഞാൻ ഈ ചെറിയ കത്ത് എഴുതുന്നത് .ഞാൻ ഒരുപാട് നിർബന്ധിച്ചിട്ടാണ് റാഷിദെനിക്ക് ഈകത്ത് എഴുതിത്തന്നത് . മോൾക്ക് അറിയാമല്ലോ പണ്ടത്തെപ്പോലെ ഉമ്മാക്ക് എഴുതാൻ ഒന്നും കഴിയില്ല . അതിനുപുറമേ ബാപ്പ കാണാതെ ഒളിച്ചും പാത്തും എഴുതുക എന്നത് വളരെ പ്രയാസമാണ്. ഞാനിതൊക്കെ പറയുന്നത് നിന്നെ പ്രയാസപ്പെടുത്താൻ ഒന്നുമല്ല . എപ്പോഴും ഉമ്മാക്ക് ഇങ്ങനെ കത്ത് എഴുതാൻ കഴിയില്ല എന്ന ബോധം ഉണ്ടാക്കാൻ വേണ്ടിയാണ് . എൻറെ പേരക്കുട്ടി കുഞ്ഞനു എന്തുപറയുന്നു ? നിന്റെ മോഡേൺ പേരൊന്നും വിളിക്കാൻ എനിക്കറിയില്ല മോളേ . ഞാനൊരു തനി നാട്ടിൻ പുറത്തുകാരിയാണ് . അതുകൊണ്ട് ഞാൻ അവനെ കുഞ്ഞനു എന്നേ വിളിക്കൂ . എനിക്ക് അവനെ ഒന്ന് കാണാൻ ഒരുപാട് ആഗ്രഹമുണ്ട് . പക്ഷെ നീ ഒരിക്കലും വീട്ടിലേക്ക് തിരിച്ചുവരണം എന്ന് പറയാൻ പോലുമുള്ള ധൈര്യം എനിക്കില്ല . ഉപ്പ ഒരു ക്രൂരനാണ് എന്ന് നീ ഒരിക്കലും ചിന്തിക്കരുത് .ഉപ്പ ഒരു ക്രൂരനാണെന്ന് തോന്നാതിരിക്കാൻ വേണ്ടിയാണ് ഞാൻ നിന്നെ വീട്ടിലേക്ക് വിളിക്കാത്തത് . നീ തിരിച്ചുവന്നാൽ ഉപ്പാക്ക് സങ്കടവും ദേഷ്യവും എല്ലാംവരും .അത് കണ്ടാലും ഉമ്മയായ എനിക്കും സങ്കടം വരും . പക്ഷേ നിനക്ക് ക്രൂരതയായിട്ടേ തോന്നു ..... നിന്നെ പറഞ്ഞിട്ടും കാര്യമില്ല , നിനക്കറിയാമല്ലോ ആ പാവം ഉപ്പയുടെ അവസ്ഥ.നീ ഇവിടുന്നിറങ്ങിയപ്പോയതുമുതലാണ് ആ മനുഷ്യൻ ഇങ്ങനെ ആയത്. പണ്ട് നിനക്ക് ഉപ്പ പെരുന്നാളിന് പട്ടുപാവാട വാങ്ങിത്തന്നത് നീ ഓർക്കുന്നുണ്ടോ. ആ പട്ടുപാവാട ഇപ്പോഴും ഇതാ ഉപ്പാന്റെ മുറിയിൽ കിടക്കുന്നു. അത് കാണുമ്പോൾ ഉപ്പ കരയും . അപ്പുറത്തെ വീട്ടിലുള്ളവർ നമ്മുടെ ഉപ്പാക്ക് ഭ്രാന്താണെന്ന് പറയും . പാവം മനുഷ്യന്റെ വേദന എനിക്കു മാത്രമേ അറിയൂ . ഇനിയും എനിക്ക് അതിനെ വേദനിപ്പിക്കാൻ വയ്യ . എന്തായാലും ഞാൻ കാത്തിരിക്കും. ഉപ്പ തന്നെ നിന്നെ വീട്ടിലേക്ക് വിളിക്കണം എന്നാണ് എൻറെ ആഗ്രഹം.ഒരിക്കൽ അത് നടക്കും എന്ന വിശ്വാസത്തോടെ നിന്റെ പൊന്നുമ്മ

ഒപ്പ് ”

ഇത്രയും വായിച്ചു കഴിഞ്ഞപ്പോയേക്കും അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്നു . ഒരു നിമിഷം അവൾ പൊട്ടി കരഞ്ഞു . ഒരുപാട് വായനയുടെ മുഷിപ്പ് കത്തിനുണ്ടായിരുന്നില്ല .തന്റെ ഉമ്മ അയച്ച ഓരോ കത്തുകളും അടുക്കി അടുക്കി അവൾ തന്റെ രഹസ്യ പെട്ടിയിൽ സൂക്ഷിച്ചിരുന്നു . ഓരോ കത്ത് വായിച്ചു കഴിയുംതോറും അവളുടെ മനസ്സിൽ തെളിയുന്നത് അവൾ ഇറങ്ങിപ്പോയ ആ ദിവസവും ”നീ പോവല്ലേ ” എന്നുള്ള ഉമ്മയുടെ കരച്ചിലുമാണ്.അതുകേട്ട ഒരു ഭാവം പോലും നടിക്കാതെ മറ്റൊരു മതത്തിൽ പെട്ടവന്റെ കൂടെ അവൾ ഇറങ്ങി . തന്നെവിളിച്ചു കരയുന്ന ഉമ്മയും ഉപ്പയും നോക്കാൻ പോലും സാധിച്ചില്ല .കൗതുക ലോകത്തേക്ക് ചുവട് വെക്കാനുള്ള വെപ്രാളം ആയിരുന്നു ആ ദിവസം അവൾക്ക്. ഉമ്മ ബോധരഹിതയായപ്പോഴേക്കും അവൾ പോയി കഴിഞ്ഞിരുന്നു . ഇതെല്ലാം അവളെ വേദനിപ്പിച്ചു കൊണ്ടിരുന്നു . ഓരോ തവണ കത്തുവായിക്കുമ്പോഴും അവൾക്ക് അവളെ തന്നെ കൊല്ലാനുള്ള ദേഷ്യമായിരുന്നു .ഞാൻ എന്തിനാണ് അന്ന് അങ്ങനെ ചെയ്തത് എന്ന് ഓർത്തുകൊണ്ട് അവൾ അവളെ തന്നെ വെറുത്തു

കഴിഞ്ഞിരിക്കുന്നു.ആദ്യത്തെ കുറച്ചു മാസത്തേക്കേ ആ വസന്തകാലം ഉണ്ടായിരുന്നുള്ളൂ.അതിനുശേഷം  കരിഞ്ഞുണങ്ങിയ ഓർമ്മയല്ലാതെ ഒന്നുമുണ്ടായിരുന്നില്ല അവൾക്ക് . ആ ദിവസത്തിനുശേഷം നല്ല വസ്ത്രമോ നല്ല ഭക്ഷണമോ നല്ല കാഴ്ചയോ ഒന്നും അവൾ കണ്ടിട്ടില്ല . അവളും അവളുടെ കുഞ്ഞുമായിട്ടുള്ള ചെറിയ ഒരു ലോകമാണ് അവളുടേത്.ആ ഒരു ലോകത്ത് മാത്രമാണ് അവളിപ്പോഴും ജീവിക്കുന്നത് .

പടച്ചോനേ ഇനി വയ്യ....!! ഞാൻ എന്തിനാണ് ജീവിച്ചിരിക്കുന്നത്. ജീവിക്കാനായി ഉണ്ടായിരുന്നതെല്ലാം ഓരോന്നോരോന്നായി നഷ്ടപ്പെട്ടിരിക്കുന്നു . ചില ചീത്ത ഓർമ്മകൾ അല്ലാതെ വേറെ എന്തുണ്ട് എനിക്ക് ? ഉപ്പ എന്ന് വിളിച്ചു കൊണ്ട് ആ മുറ്റത്തേക്ക് കയറി ചെല്ലാൻ എനിക്ക് പേടിയാണ് .ഉപ്പാനോട് ഒരു മാപ്പ് ചോദിക്കാൻ പോലും ധൈര്യം എനിക്ക് ഇല്ല .ഇനി എനിക്ക് പോണം , അല്ലെങ്കിൽ ഞാൻ ഒരു ഭ്രാന്തി ആയി തീരും ,
അങ്ങനെ അവളും എഴുതി:

> ”മോനേ ഉപ്പൂപ്പാന്റെ പൊന്നുമോനായി
> ഇനിയുള്ള കാലം നീ വളരണം ”
> എന്ന് നിന്റെ ഉമ്മ
>
> ഒപ്പ്



Muhammed shamil . M
8i

# SOUL OF DARKNESS

Darkness always follow the light.
We always fear what's not seen.
The miracle which we dream
But all is not as it seems.
Darks are the days lying behind
Sunlight, staring blind
If you want me to cry,
I'll gladly smile...
The Nightmares hold their hands;
Trying to pull me deep with light,
I'll escape from the sadness
Around my soul at night,
Though my soul may set in dark ,
It will rise light perfectly !
I've loved stars on my fearful nights;
Stars that are bright in the darkness..!



Jalva Jannath
9th M

## കവിത

# പുകവലി

പുകവലി എന്നത് 'പുകവലിക്കാനാണോ' പറയുന്നത്
എന്നറിയില്ല ........
സിനിമ കാണാൻ തിരക്ക്.....
തുടക്കമുള്ള രണ്ട് മിനിറ്റ് 'Ad' കാണാൻ വെറുപ്പും
കാൽനീട്ടിയിരുന്ന് 'പുക' വലിച്ചുകേറ്റുമ്പോൾ
ആ നീട്ടുന്ന കാലുകൾ മരണക്കുഴിയിലേക്കാണെന്നവൻ
അറിയുന്നില്ല.
തനിക്കുമുന്നിലുള്ള വാതിൽ മരണവാതിലെന്ന് മാനവർ
പലരും മറന്നുപോകുന്നു.
എന്തിന്,
പോക്കറ്റിൽ ഒരു തുണ്ട് കാശില്ലെങ്കിലും
'സിഗരറ്റ് പാക്കറ്റ്' പോക്കറ്റിൽ സൂക്ഷിക്കാൻ
അവർ പരക്കം പായുന്നു.
ഈ മരുന്നു കുത്തിവച്ച 'സ്റ്റിക്കിന്' അവർ
അടിമയായി തീരുന്നു.
ലോകമെങ്ങും പുകയും 'നിക്കോട്ടിൻ' നിറഞ്ഞ മണവും
പടർന്ന് പരക്കുമ്പോൾ ......

ഇനിയൊരു തലമുറയുടെ കൂടി
ശ്വാസകോശം പുകനിറഞ്ഞ് കറുക്കാതിരിക്കാനായി
നമുക്ക് പ്രാർത്ഥിക്കാം......
പ്രാർത്ഥിക്കാൻ മാത്രമല്ലേ കഴിയൂ.....
അല്ലാതെന്ത്.........

അനുജ.പി കെ
9-M

# ഏകാന്തത

വിധിയെന്നുകരുതി സമാധാനിക്കാവില്ല,
വിധിക്കുമുണ്ടോയിത്രയെരിവ്...
ഓരോ നിമിഷവും ചവിട്ടി നീക്കി
ഞാനാശുഭപ്രതീക്ഷയുമായ്...
ഇനിയലയടിക്കുന്നതാനന്ദ-
മാണെന്നയാശ എന്നിലുണർന്നു.
വിധികെളന്നിൽ ഊഴ്ന്നിറങ്ങിയെൻ
മനസ്സിനെ പിളർക്കാനെന്നപൊല
പിളർപ്പിന്റെയാ രൂക്ഷം
ലഘൂകരിക്കാനൊരു രൂപം
ചാർത്തിയെൻകണ്ണാടിയിൽ...
ഞാനെന്തിനാണാ കോലം
ചമഞ്ഞതെന്നോടുതന്നെ തർകിച്ചു.
ആരുണ്ടെൻ ആനനത്തിലേ-
ക്കൊന്നു നോക്കാൻ...
ആരുണ്ടെയോന്നു നിന്ദിക്കാൻ...

<u>**Mehna 9.m**</u>



# എന്റെ വിജയം

MUHAMMED SHAMIL-8-I



"അയ്യോ ഈ ജോലിയോ..??!!
നിനക്ക് വട്ടാണോ..
ഹായ് ടീച്ചർ എന്റെ പേര് ഷാമിൽ. ഞാനൊരു ലോവർ ക്ലാസ് ഫാമിലിയാണ്. ഞാൻ സ്കൂളിൽ പോകുന്ന കാലത്ത് തന്നെ കുറേ ടീച്ചേഴ്സുകൾ ക്ലാസ്സിൽ പാഠം എടുക്കുമ്പോൾ ചോദിക്കും "കുട്ടികളേ.. നിങ്ങൾക്ക് എന്താവാനാണ് ആഗ്രഹം?". അപ്പോൾ ചിലരൊക്കെ പറയും ഡോക്ടർ,ടീച്ചർ, പോലീസ്, പട്ടാളം,പൈലറ്റ് എന്നൊക്കെ. അങ്ങനെ ഒരു ദിവസം ടീച്ചർ ക്ലാസ്സ് എടുത്തു കൊണ്ടിരിക്കുമ്പോൾ എന്നോട് ചോദിച്ചു. "ഷാമിലേ നിനക്ക് എന്താവാനാണ് ആഗ്രഹം?". ഞാൻ ആവേശത്തോടെ എണീറ്റ് പറഞ്ഞു. എനിക്ക് 'ക്യാബിൻ ക്രൂ' ആണെന്റെ ആഗ്രഹം. അതുകേട്ടപ്പോൾ പലരും മുഖാമുഖം നോക്കി പറഞ്ഞു." അതെന്തു ജോലിയാണ്?". ഞാൻ ഉത്സാഹത്തോടെ പറഞ്ഞു "എയർഹോസ്റ്റസ്". അപ്പോൾ എന്നെ എല്ലാവരും കളിയാക്കി ചിരിച്ചു. എന്തിനു വരെ ചോദിച്ച ടീച്ചർ വരെ ചിരിക്കാൻ തുടങ്ങി. അവർ എന്നെ പരിഹസിച്ചു.എനിക്ക് ഇതെല്ലാം കണ്ടപ്പോൾ സങ്കടം വന്നു. അപ്പോൾ ടീച്ചറിന്റെ ഒരു കളിയാക്കൽ "എടാ മോനെ നിനക്ക് ഈ ജോലിയൊന്നും കിട്ടില്ലടാ, കാരണം നീയൊരു പാവപ്പെട്ട വീട്ടിലെ കുട്ടിയാണ്. പിന്നെ

നീ ഒരു കറുത്തവനാണ്. ഇതൊക്കെ വെളുത്ത കുട്ടികൾക്കാണ് പറ്റുക" അപ്പോൾ കുട്ടികൾ എല്ലാവരും എന്നെ കളിയാക്കാൻ തുടങ്ങി. എന്തിനു വരെ, എന്റെ ബെസ്റ്റ് ഫ്രണ്ട് കളിയാക്കാൻ തുടങ്ങി.


ബെല്ലടിച്ചു.
കൂട്ടുകാരോടൊപ്പം വീട്ടിൽ പോകുമ്പോൾ അവർ എന്നെ എല്ലാവരുടെയും മുമ്പിൽ വെച്ച് കളിയാക്കുന്നത് അവർ നിർത്തുന്നതേയില്ല. അവർ എല്ലാവരും പറയുകയാണ് "നീ ഒരു കറുത്തവനായിപ്പോയി. അതുകൊണ്ട് നിനക്കൊന്നും ആ ജോലി കിട്ടില്ല.നീ വല്ല സിമൻറ് ഏറ്റാനോ, അല്ലെങ്കിൽ മണൽ കോരാനോ പോടാ. ഇത് വെളുത്തവർക്കും വലിയ വീട്ടിലെ കുട്ടികൾക്കുമുള്ള ജോലിയാണ്." അതൊക്കെ കേട്ടപ്പോൾ എല്ലാവരും ചിരിച്ചുകൊണ്ട് എന്നെ കളിയാക്കാൻ തുടങ്ങി. എന്റെ മുഖത്തെ ദുഃഖം കാണിക്കാതെ അവരുടെ കൂടെ പുഞ്ചിരിച്ചു. മനസ്സിൽ വേദനയുണ്ടെങ്കിലും പുറത്തുകാണിക്കാൻ ഞാൻ പണ്ടേ മടിയനാ. അങ്ങനെ ഞാൻ വീട്ടിലെത്തി. എന്നിട്ട്,ഞാൻ കിടക്കാൻ നേരത്ത് എന്റെ ടീച്ചറും കൂട്ടുകാരൻ എല്ലാം ഇന്ന് പറഞ്ഞത് ഓർത്ത് ഉറക്കം വരുന്നില്ല." ദൈവമേ നീ എന്നെ കൈവിടല്ലേ നീ എന്നെ പരീക്ഷിക്കല്ലേ ദൈവമേ...".ആര് എന്തു പറഞ്ഞാലും വേണ്ടിയില്ല ഞാൻ ക്യാബിൻ ക്രൂ ആവുക തന്നെ ചെയ്യും. അതിനുവേണ്ടി ഞാൻ പരിശീലിക്കും. ഇത് എന്റെ വാക്കാണ്. ഞാൻ സ്വയം മനസ്സിൽ തീരുമാനിച്ചു. ഇതൊക്കെ പറഞ്ഞ് ഞാൻ കിടന്നുറങ്ങി.



കുറച്ചു കാലത്തിനു ശേഷം ഞാൻ പ്ലസ് ടു കഴിഞ്ഞു. എനിക്ക് ക്യാബിൻ ക്രൂ ആകണമെന്ന് വാശിയിൽ അതിനുള്ള പരീക്ഷ എഴുതി. ആദ്യത്തെ പരീക്ഷയിൽ ഞാൻ തോറ്റു. അപ്പോൾ എന്നോട് എന്റെ കൂട്ടുകാരൻ ഒക്കെ പറഞ്ഞു." എടാ ഇത് നിനക്ക് പറ്റിയ ജോലിയല്ല എന്ന് ഞാൻ എത്ര തവണ നിന്നോട് പറഞ്ഞു. നീ ഇതിനുവേണ്ടി പരീക്ഷ എഴുതിയതേയുള്ളൂ. അപ്പോൾ തന്നെ നീ തോറ്റു".ഇങ്ങനത്തെ കുറെ കളിയാക്കൽ ഞാൻ പിന്നീട് കേൾക്കാൻ തുടങ്ങി. പക്ഷേ ഇതൊന്നും ഞാൻ കേട്ടിട്ട് തളർന്നില്ല. ഞാൻ അതിനു വേണ്ടി പ്രയത്നിക്കും ഇതായിരുന്നു എന്റെ മനസ്സിലുള്ള ഒറ്റ ചിന്ത. പിന്നെ ഞാൻ അടുത്ത പരീക്ഷയ്ക്ക് വേണ്ടി പഠിക്കാൻ തുടങ്ങി. പരീക്ഷയുടെ തലേദിവസം എല്ലാത്തിനും തയ്യാറായി. അങ്ങനെ ഞാൻ പരീക്ഷ എഴുതി.പത്ത് ദിവസത്തിനു ശേഷം എൻറെ പരീക്ഷ



റിസൽട്ട് വന്നു. ആ സ്കൂളിൽ ഏറ്റവും കൂടുതൽ മാർക്ക്  ഉള്ളത് ഞാനായിരുന്നു. ഞാൻ ജയിച്ചിട്ടും എന്റെ നാട്ടുകാർക്ക് ഒരു പുച്ഛമായിരുന്നു. പക്ഷേ ഞാൻ അതൊന്നും ഒരു കാര്യമാക്കി എടുത്തില്ല. ഞാൻ ഇന്റർവ്യൂക്ക് പോകാൻ തയ്യാറായി. ഡൽഹിയിലായിരുന്നു ഇന്റർവ്യൂ. രാവിലത്തെ വണ്ടിയിൽ പോയി. ഉച്ചയ്ക്ക് അവിടെ എത്തി. എന്നിട്ട് ഇൻററർവ്യൂക്ക് പോയി. എൻറെ നാട്ടുകാർ പറഞ്ഞ വാക്കുകൾ എന്റെ മനസ്സിൽ വന്നുകൊണ്ടിരുന്നു."നീ കറുത്തവനാണ്. നിനക്ക് ഒന്നും കിട്ടില്ല." ആ വാക്കുകൾ ഞാൻ വല്ലാതെ ഭയക്കുന്നു. വല്ലാണ്ട് താഴ്ത്തുന്നു. എന്നെ വിളിച്ചു. ഇൻററർവ്യൂ കഴിഞ്ഞു. കുറച്ചുനേരം കഴിഞ്ഞപ്പോൾ എന്നെ സെലക്ട് ചെയ്തു എന്ന വാർത്ത കേട്ടു. അതുകേട്ടപ്പോൾ എനിക്ക് സന്തോഷമായി. കണ്ണിൽനിന്ന് ആനന്ദ കണ്ണീർ ഒഴുകുന്നു. പിന്നെ ഞാൻ സന്തോഷത്തോടെ വീട്ടിലേക്ക് തിരിച്ചുപോയി. അവിടെയെത്തിയപ്പോൾ നാട്ടുകാർ എന്നോട് പറയാ " ഓ നിനക്ക് കിട്ടിയിട്ടൊന്നുമുണ്ടാവില്ല. ഈ ഒരു കരിമോന്ത കണ്ടാൽ മനസ്സിലാവില്ലേ.." ഞാൻ പറഞ്ഞു " ഞാൻ ഇൻററർവ്യൂ സെലക്ട് ആയി". അതുകേട്ടപ്പോൾ അവർ ഐശ്വര്യത്തോടെ എണീറ്റ് മിണ്ടാതെ പോയി. അങ്ങനെ ഞാൻ ഒരു 'ക്യാബിൻ ക്രൂ' ആയി. ഇതാണ് ഞാൻ പറയുന്നേ " നമ്മളെ താഴ്ത്താൻ കുറേ പേർ ഉണ്ടാകും. പക്ഷേ നമ്മളെ ഉയർത്താൻ നമ്മൾ മാത്രമേ ഉണ്ടാകൂ. സാധിക്കില്ല എന്ന കാര്യം സാധിക്കുകയേ ചെയ്യില്ല, പക്ഷേ സാധിക്കും എന്ന കാര്യം സാദിക്കേ ചെയ്യും." നിങ്ങൾ എ പി ജെ അബ്ദുൽ കലാമിന്റെ 'പരിശ്രമം ചെയ്യുകയില്ലെന്തിനെയും' എന്ന ഒരു കഥ കേട്ടിട്ടില്ലേ, അതുപോലെയാണ് ഇത്. 'എന്റെ വിജയം' എന്ന കൊച്ചു ഓർമ്മ ഞാൻ അവസാനിപ്പിക്കുന്നു.
നന്ദി.



# Sky of my world

Sometimes I feel I can change this world
to make it better for me and all,
and make it free from
aggression and tension.
A world
where there is no selfishness,
no wars,
no deceit, and no vices.
Yes, I dream of a world where
there is no poverty and no riot.
In my dreams,
there are no wars, only happiness
and kindness.
Everything is so pure and beautiful.
The sky is always clear and blue,
love is always pure and true.
But dreams are just dreams; they
come and go.

-Fathima Rinsha M
8J

# നഷ്ടം



എഴുതാൻ കൊതിച്ചൊരാക്കവിതകൾ
ഞാനെൻ സ്വപ്നങ്ങളിലൊളിപ്പിച്ചു
പറയാൻ മടിച്ചൊരാ വാക്കുകളിൽ
ഞാനെൻ അനുരാഗമൊളിപ്പിച്ചു വച്ചു
നേരാൻ മറന്നൊരാ മംഗളങ്ങളിൽ
ഞാനെൻ സങ്കൽപ്പങ്ങളൊളിപ്പിച്ചു വച്ചു
പാടാൻ മറന്നൊരാ വരികളിൽ
എന്റെ ലാളനകളൊളിപ്പിച്ചു വച്ചു
പാടിപ്പറഞ്ഞും,എഴുതിക്കളിച്ചും
ചിരിയോലകൾ കാറ്റിൽ തിരമാല തീർത്തു
പിരിയാൻ മടിച്ചെന്റെ ഹൃദയമെന്നെ
പതുക്കെ പതുക്കെ നിശബ്ദയാക്കി
അന്ധകാരത്തിന്റെ പടുകുഴിയിൽ
വീണ് ഞാനും പൊള്ളിപ്പിടഞ്ഞു
പിരിയാൻ മറന്നൊരായാമങ്ങളിൽ
എന്റെ സ്വപ്നകൊട്ടാരവും തകർന്നു
അനുരാഗം പിഴുതെടുത്തെറിഞ്ഞു
മോഹങ്ങൾ താഴിട്ടു പൂട്ടി
സങ്കൽപവസന്തങ്ങൾ കൊഴിഞ്ഞു
രംഗങ്ങൾ യവനികയാൽ മൂടി
കാണാൻ കൊതിച്ചൊരാ കാഴ്ചകളിൽ
എന്റെ കണ്ണുകൾ ഈറനണിഞ്ഞു
പറയാൻ ശ്രമിച്ചിട്ടും പറയാൻ കഴിയാതെ
പോയ വാക്കുകൾ എന്നിൽ വേദനനിറച്ചു
നിറഞ്ഞുതുളുമ്പിയ ജലകണികകൾ എൻ
കണ്ണുകളെ രക്തവർണ്ണമാക്കി
എന്നിട്ടും ഒഴുക്കാൻ മടിച്ചൊരാ കണ്ണുനീർ
അതെൻ വിരൽത്തുമ്പിലേറ്റിക്കളഞ്ഞു

ജൽവ ജന്നത്ത് കെ പി

# കലിയുഗം

ഫാത്തിമ സഫ

കലിയുഗം പിറന്നതൊട്ടേ
കലിയിളകാത്ത
മനുഷ്യരുണ്ടോ
കാട്ടാറിൻ
പാൽനുരയരുണമായി
കഴുകന്റെ
ചിറകടിക്കരികിലായി
ഏകാന്തതയുടെ
കാലിലാരോ
തീരാത്ത നോവിന്റെ
മഴുവെറിഞ്ഞു ജനഗ്രസ്ഥിതി നോക്കിയൊരിക്കലും
ചൊവ്വാപിടിച്ചുള്ള ജാതകങ്ങൾ
ഗതി തെറ്റിയലയുന്ന മനുഷ്യകുമിളകൾ
ഗ്രഹസഞ്ചയത്തിൽ കാതുകൾ മാത്രം
സത്യത്തെ മിഥ്യ- കരുതിയെകിരയാക്കി മതമെന്ന ഭൂതം
വളർന്നുവന്ന്
മനുഷ്യനെ പച്ചക്കു
തിന്നാലായി.....



# പ്രതീക്ഷ

ഒഴുകുന്ന ഗാനമായ് തഴുകുന്ന
സ്വപ്നമായ്

ഇരുളിന്റെ മറപറ്റി മായുന്ന
രാത്രികൾ

പകലിന്റെ മാത്രം സ്വപ്നസഖി
രാത്രി

ഇന്നിന്റെ അന്ത്യമായ് പടരുന്ന
രാത്രി.

കോഴിയുന്ന ഇതളുകൾ തെളിയുന്ന
ദീപങ്ങൾ

പാടുന്ന രാപ്പാടി, മീട്ടുന്നു തന്ത്രികൾ

അമ്പിളി വിതറുന്നു സ്വർഗ്ഗീയ
പൗർണ്ണമി

മനതാരിലായിരം പാലോഴി
നിറയുന്നു

തിങ്കളേ... ഈ രാത്രി നിൻ സ്വന്തം

സ്വപ്നങ്ങൾ നെയ്യുന്ന കന്യകയെ
പോലെ നീ

കോറി വരച്ചിട്ട ചിത്രങ്ങളൊക്കയും

ആദിത്യനെ കുറിച്ചായിരുന്നോ?

നിദ്ര തഴുകാത്ത കണ്ണുമായ് നീ

രാത്രികളത്രയോ കാത്തിരുന്നിട്ടും

പിന്നെയും വ്യർത്ഥമാക്കുന്നു

നിൻ സ്വർണ്ണ ദളങ്ങൾ വിതറിയ

നീലപ്പട്ട് വിരിച്ചിടും ശയ്യയൊരുക്കി

മാടിവിളിക്കുന്നു നീ അർക്കനെ

വരില്ല ഒരിക്കലും എന്നറിഞ്ഞിട്ടും

നീളുന്ന വഴികളിൽ ജീവിത

വീഥിയിൽ ബാക്കിയാവുന്നു

"പ്രതീക്ഷകൾ മാത്രം"!...

-Fathima safa ck
8L

# സമൂഹമേ ഹത്യ....


**ജൽവ ജന്നത്ത്**



അനേകായിരം വർഷങ്ങൾക്കു മുമ്പ് ഒരു അത്ഭുത സ്ഫോടനത്തോടെ ഉണ്ടായതെന്ന് പറയപ്പെടുന്ന ഈ പ്രപഞ്ചത്തിലെ ഒരു അത്ഭുത ഗോളമാണ് ഭൂമി . പ്രപഞ്ചത്തിലെ ഏറ്റവും ചെറിയൊരു ശതമാനം മാത്രം ഊർജ്ജം നൽകിപ്പോരുന്ന ഞാനും നിങ്ങളും അടങ്ങുന്ന ഭൂമി ഗോളത്തിലെ അത്ഭുത ജീവികളായ നാം മനുഷ്യർ തന്നെയാണ് ഈ പ്രപഞ്ചത്തിലെ സത്യങ്ങളെല്ലാം കണ്ടെത്തിയത് എന്നത് മറ്റൊരത്ഭുതം. തങ്ങളുടെ പരിമിതിയെക്കാൾ പതിന്മടങ്ങ് വിസ്താരമുള്ള പ്രപഞ്ചത്തിലെ പല യാഥാർത്ഥ്യങ്ങളും അനേകായിരം വർഷങ്ങൾ എടുത്ത് മനുഷ്യർ കണ്ടെത്തിയിരിക്കുന്നു. ഇവയ്ക്കെല്ലാം അടിസ്ഥാനമായ ഒന്ന് -'തലച്ചോറ് '.

പ്രപഞ്ചത്തിൽ എന്നല്ല ഭൂമിയിൽ തന്നെ ഇനിയും കണ്ടെത്തിയതും കണ്ടെത്താത്തതുമായി ്അനേകം ജന്തു ജീവി വൈവിധ്യങ്ങൾ ഉണ്ട് . ഇവയിൽ ന ിന്നെല്ലാം മനുഷ്യരെ വ്യത്യസ്ഥമാക്കുന്ന ഒന്നാണ് അവരുടെ 'തലച്ചോറ് '. മനുഷ്യ ശരീരത്തിലെ ഒരു ചെറിയ നാഡീനരമ്പിന്റെ പോലും അനക്കം കേന്ദ്രീകരിച്ചിരിക്കുന്ന ഒന്ന്. ഇത് വെറും ഒരു അവയവം എന്നതിലുപരി ഒരു" മൾട്ടി മെക്കാനിസം" തന്നെയാണ്. എന്നാൽ ഈ തലച്ചോറിനെ തന്നെ നശിപ്പിക്കാൻ തക്കതായ ഒന്നുണ്ടെങ്കിൽ തീർന്നില്ലേ മനുഷ്യൻറെ കഥ..!!

കുരങ്ങിൽ നിന്നാണ് മനുഷ്യർ ഉണ്ടായത് എന്നൊരുകേൾവിയുണ്ട്. ബുദ്ധിയില്ലാത്ത കുരങ്ങ് വർഗ്ഗത്തിൽ നിന്നാണത്രേ ബുദ്ധിയുള്ള മനുഷ്യവർഗ്ഗം



ഉണ്ടായത
്. അങ്ങനെയെങ്കിൽ ഈ ബുദ്ധി നശിച്ചാൽ പിന്നെ നമ്മളും കുരങ്ങുകളും തമ്മിൽ എന്ത് വ്യത്യാസം ? ഇത്തരത്തിൽ മനുഷ്യരെ കുരങ്ങുകൾ ആക്കുന്ന ഘടകങ്ങളാണ് സമൂഹത്തിലെ ഇരുട്ടും, അതിന്റെ മറപറ്റിയോഴുകുന്ന അനേകം അന്ധതകളും. ഇത്തരം അന്ധതകളിൽ വീണ് സ്വയം കോമരങ്ങൾ ആക്കുന്നവർ ഇന്ന് ധാരാളമുണ്ട്. സ്വവർഗ്ഗത്തെ സംരക്ഷിക്കുന്നതിനേക്കാൾ പണത്തിനും പദവിക്കും അവർ പ്രാധാന്യം നൽകുന്നു. അന്ധതകളിൽ പ്രധാനപ്പെട്ടതാണ് അസമത്വം.'പണക്കാരനും - പാവപ്പെട്ടവനും' സമൂഹത്തിന്റെ പട്ട
ികയിൽ താഴത്തും മുകളിലും നിൽക്കുന്നവർ .പണക്കാരന്റെ കുടുംബത്തിന് എന്തെങ്കിലും സംഭവിച്ചാൽ സഹായിക്കാൻ പാവപ്പെട്ടവൻ മുൻക യ്യെടുക്കും എന്നാൽ തിരിച്ചാണങ്കിലോ...? ഇവൻ തന്നെക്കാൾ താഴ്ന്നവനും അശുദ്ധനും ആണെന്നചിന്തയിൽ പണക്കാരൻ ഒന്ന് തിരിഞ്ഞു നോക്കുക പോലുമില്ല. ജാതീയതക്കെതിരെയും

**കുരങ്ങിൽ നിന്നാണ് മനുഷ്യർ ഉണ്ടായത് എന്നൊരുകേൾവിയുണ്ട്. ബുദ്ധിയില്ലാത്ത കുരങ്ങ് വർഗ്ഗത്തിൽ നിന്നാണത്രേ ബുദ്ധിയുള്ള മനുഷ്യവർഗ്ഗം ഉണ്ടായത്. അങ്ങനെയെങ്കിൽ ഈ ബുദ്ധി നശിച്ചാൽ പിന്നെ നമ്മളും കുരങ്ങുകളും തമ്മിൽ എന്ത് വ്യത്യാസം?**

അസമത്വത്തിനെതിരെയും എല്ലാം ഘോര - ഘോര പ്രസംഗിക്കുകയും, ജാതീയതയല്ല, മതപുരാണങ്ങൾ അല്ല, മനുഷ്യത്വം സ്നേഹവുമാണ് സമൂഹത്തിനടിസ്ഥാനമെന്ന് ഊന്നിപ്പാറയുകയും ചെയ്യുന്ന പലരും തങ്ങളുടെ മക്കൾ ഇത്തരം പറയപ്പെട്ട മനുഷ്യനായ ഒരു വ്യക്തിയെ സ്നേഹിക്കുന്നന്ന് പറഞ്ഞാൽ, പിന്നീട് ,അവിടെ സ്നേഹത്തിനും മതേതരത്വത്തിനും എന്തു വില? ശാപവർഷങ്ങളും ദേഹോപദ്രവങ്ങളും മാത്രം. ഒരു മനുഷ്യൻ എന്ന പരിഗണന പോലു നൽകാത്ത വിധമുള്ള അവജ്ഞകളും കുത്തുവാക്കുകളും...ഇങ്ങനെ സമൂഹത്തിനുമുമ്പിൽ നിലയ്ക്ക് വേണ്ടി മാത്രം എടുത്തിടേണ്ട ഒന്നായി അസമത്വം മാറിക്കഴിഞ്ഞിരിക്കുന്നു.

ഇതിനേക്കാൾ നികൃഷ്ടവും ഭയാനകവുമാണ് ദുർ മന്ത്രവാദങ്ങളും അന്ധവിശ്വാസങ്ങളും.

മറ്റവൻ നശിക്കുവാൻ വേണ്ടി അവന്റെ അകണ ക്കോണുകളിൽമുട്ടകളും മറ്റുവസ്തുക്കളും കുഴിച്ചുമൂടിയിട്ടെന്തുകാര്യം? ആ വിടരാത്ത കോഴിക്കുഞ്ഞുങ്ങൾ അറിഞ്ഞോ ഇത്തരം ചില മനുഷ്യർ തങ്ങളെ മറ്റൊരാൾക്ക് ശാപമാവാൻ നിയമിക്കുമെന്ന് ? ഇതുമാത്രമോ, ക്യാൻസർ മാറ്റുവാൻ പിഞ്ചു പൈതലിനെ ഗംഗയിൽ മുക്കിയിറ്റെന്തു കാര്യം ? വീടിനൈ ശ്വര്യമുണ്ടാകുവാൻ മനുഷ്യമാംസം പച്ചക്കും കറിവെച്ചു മൊക്കെ കഴിച്ചിട്ട് എന്തുകാര്യം?



വീടിന് ലക്ഷ്മി ദേവിയായി കടന്നുവന്ന നവവധു വലതുകാൽ വെച്ച് വിളക്കുമേന്തി പടികയറിയതെയു ള്ളു... തെക്കിനിയിൽ നിന്നാഞ്ഞു വന്ന കാറ്റ് അവളെയും തഴുകിക്കടന്നു പോയി...! ധാ ! അവളുടെ കയ്യിലുള്ള ആ വിളക്കിന്റെ തിരിയോന്ന് മിന്നുകയും പിന്നീടണയുകയും ചെയ്തു. കൂട്ടം നിന്നവരിൽ മുറുമുറുപ്പുകളും കൂട്ടിച്ചർച്ചകളുമായി,

പൊടുന്നനെ അവൾ നാശംപിടിച്ചവളും ദോഷമുള്ളവളുമായി മുദ്രകുത്തപ്പെട്ടു. വീടിൻ വിളക്കായവൾ കാറ്റിന്റെ കുസൃതിക്കിരയായി..! ഇങ്ങനെ വിവാഹശേഷം ഭർത്താവിന്റെ ജീവിതത്തിൽ എന്തു ചെറിയ നഷ്ടം വന്നാലും അതെല്ലാം വെറുതെ ഭാര്യയുടെ തലക്കിട്ടുകൊടുത്തിട്ട് എന്തുകാര്യം ?കഷ്ടം തന്നെ....!!

ഇങ്ങനെ കുഞ്ഞ് ജനിച്ച സമയം ദോശമാണെന്നും അക്കാരണത്താൽ അവളിൽ നിന്ന് രക്തം പൊയിപ്പിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ ഓർക്കണം ആ സമയം ഭൂമിയിലെത്തുവാൻ ദൈവം നിശ്ചയിച്ചതിന് ആ ഓമനപ്പൈതൽ എന്തു ചെയ്തു ? ഇങ്ങനെ സമയവും കാലവും നോക്കിക്കൊണ്ട് ഐശ്വര്യവും നാശവുമാവുന്നതാണ് മനുഷ്യജന്മമെങ്കിൽ എത്ര ഓമനപൈതലുകളെയാവും ഇക്കാലത്തോളം മടക്കിയിട്ടുണ്ടാവുക? ഇങ്ങനെ ഇനിയെത്ര പൈതലുകൾ മരണപ്പെടേണ്ടിവരും...? എന്തുകൊണ്ട് ഇവയെല്ലാമിങ്ങനെ ഉത്തരമില്ലചോദ്യങ്ങളായി ശേഷിക്കുന്നു?...

ഒരു കുട്ടിയുടെ ആദ്യ വിദ്യാലയം എന്ന് പറയുന്നത് അവന്റെ ഗ്രഹമാണ്. വീട്ടിലുള്ളവരുടെ പെരുമാറ്റം, സ്വഭാവം ജീവിതരീതി ഇവ കുട്ടിയിൽ ശാരീരികവും ,മാനസികവും, വൈകാരികവുമായി വളരെ അധികം സ്വാധീനിക്കുന്നു. ബഹളങ്ങളൊന്നുമില്ലാത്ത ചിരിയും കളിയും മാത്രം നിറഞ്ഞുനിൽക്കുന്ന കുടുംബാന്തരീക്ഷത്തിൽ വളരുന്ന കുട്ടികളാണെങ്കിലോ....?

ഒരു കുട്ടിയുടെ രണ്ടാം വിദ്യാലയമാണ് തന്റെ സ്കൂൾ 'മാതാ - പിതാ - ഗുരു - ദൈവം'- എന്നാല്ലോ ചൊല്ല്. മാതാവും പിതാവും ഗുരുവും ദൈവതുല്യമാണ് . ഇവർ മൂന്നുപേർക്കും തുല്യസ്ഥാനമാണ് ഒരു കുട്ടിയുടെ മനസ്സിലുള്ളത് . ഒരു കുട്ടി തെറ്റ് ചെയ്താൽ ശിക്ഷിക്കാനും ശരിയാക്കാനുള്ള ചുമതല ഗുരുവിനുമുണ്ട് പക്ഷേ, അതൊരു വിദ്യാർഥിയെ തകർക്കുന്ന രീതിയിലുള്ളതാവരുതെന്നു മാത്രം. എല്ലാവർക്കും ഒരേ പോലെ പഠനത്തിൽ മുന്നിട്ടുനിൽക്കാൻ സാധിക്കില്ല... അവരുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയാണ് നാം ചെയ്യേണ്ടത്. ഒരിക്കലും മറ്റു കുട്ടികളുമായി താരതമ്യം ചെയ്യുകയല്ല.ഇത്തരം കാര്യങ്ങൾ കുട്ടികളിൽ വെറുപ്പും നിസ്സഹായതയും ഉണ്ടാക്കും. അവ പിന്നീട് അവരെ സമൂഹികാന്ധതകൾക്കു ഇരയാക്കും.

വിവരസാങ്കേതിക വിദ്യയുടെ യുഗത്തിലാണ് നാം ഇന്ന് ജീവിക്കുന്നത് . പ്രസവിച്ച വീണ കുഞ്ഞിനു പോലും അമ്മയുടെ താരാട്ട് പാട്ടിനേക്കാൾ പ്രിയം മൊബൈൽ ഫോണിനോടാണ് .



സമൂഹത്തിനെ ഒന്നടക്കം നശിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന ഒന്നാണ് ലഹരി .രാവും പകലുമനേടെ കിറുങ്ങിയിരിക്കുന്ന യുവാക്കൾ വരും തലമുറയിലെ ദുരവസ്ഥയെ സൂചിപ്പിക്കുന്നു ലഹരി വിഴുങ്ങുവാനാ വശ്യമായ പണം കൈപ്പറ്റാൻ സ്വന്തം കുടുംബത്തെവരെ നശിപ്പിക്കുന്നവർ. ലഹരിക്ക് പണം കണ്ടെത്തുവാൻ സ്വന്തം കുഞ്ഞിനെ വരെ കുരുതിക്ക് വിസ്സികൾ, ജീവിത്തിന്റെ മധുരം നുണയുന്നതിനു മുമ്പേ അമ്മയുടെ ലഹരി ഭ്രാന്തിന് മുമ്പിൽ ജീവിതമാകുന്ന മധുരജാലകം കൊട്ടിയടക്കപ്പെട്ട എത്രയെത്ര കുരുന്നുകൾ...! ലഹരിയിലുമ്പാദം കണ്ടെത്തുകയും അത
ിനുകീഴടങ്ങിയ കുരങ്ങ്ബുദ്ധിയുമായി യാത്രചെയ്തു ണ്ടായ അപകടത്താൽ ജീവൻ വെടിഞ്ഞ എത്ര എത്ര യുവാക്കൾ...! തീരുന്നില്ല നഷ്ടങ്ങൾ.

അറിവിന്റെ വിസ്ഫോടനം നടക്കുന്ന ലോകത്താണ് നാം ഇന്ന് ജീവിക്കുന്നത്. അറിവ് അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു .ഈ സാഹചര്യത്തിൽ അറിവിലൂടെ അതടു ന്നത പദവിയിലും മികച്ച ഭൗതിക സാഹചര്യത്തിലും തന്റെ മക്കൾ എത്തിച്ചേരണമെന്നും ജീവിക്കണമെന്നും ആഗ്രഹിക്കുന്നവരാണ് മാതാപിതാക്കൾ. തനിക്ക് നേടിയെടുക്കാൻ പറ്റാത്തത് ത മക്കളാൽ സാധ്യമാവണം എന്ന

ചിന്തയുള്ളവരാണ് മിക്കരക്ഷിതാക്കളും

"എൻറെ കുട്ടി മൊബൈൽ ഫോണിൽ പാട്ട് കേട്ടാലെ ഉറങ്ങൂ"എന്നഭിമാനത്തോടെ പറയുന്ന എത്ര എത്ര രക്ഷിതാക്കൾ ഉണ്ട്. അവർ ഇതിന്റെ ദോഷവശത്തെ കുറിച്ച് ചിന്തിക്കുന്നില്ല .കുട്ടികൾ കരയാതിരിക്കാനും,വികൃതി കാണിക്കാതിരിക്കാനും ,ഭക്ഷണം കഴിക്കാനും രക്ഷിതാക്കൾ തന്നെ കുട്ടികൾക്ക് ഗെയിം വെച്ചുകൊടുക്കുന്നു.

ക്രമേണ അവർ ഇതിന് അടിമകളായി തീരുന്നു. ഇവയുടെ അമിത ഉപയോഗം കുട്ടികളുടെ സ്വഭാവത്തിനെ സ്വാധീനിക്കുന്നു. കുടുംബാംഗങ്ങളും , കൂട്ടുകാരുമായുള്ള അകൽച്ച ,കാർട്ടൂൺ കഥാപാത്രങ്ങളെ അനുകരിക്കൽ ,ചാറ്റിങ് എന്നിവയിലൂടെ ചീത്ത സ്വഭാവങ്ങളിലേക്ക് കുട്ടികളെ നയിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ളവരെ പിന്നീട് മയക്കുമരുന്ന് മാഫിയകൾ സ്വാധീനിക്കുകയും, പിന്നീട് ലഹരിക്കടിമപ്പെടുകയും ചെയ്യുന്നു. ഇങ്ങനെ ഗുണങ്ങൾ ധാരാളമുണ്ടെങ്കിലും അധിക സാഹചര്യങ്ങളലും സമൂഹത്തിന് വെല്ലുവിളിയും സാമൂഹിക ഇരുട്ടിന് കാരണമാവുകയും ചെയ്യുന്ന ഒന്നാണ് മൊബൈൽ ഫോണും ഇൻറർനെറ്റുമൊക്കെ.

ഇത്തരത്തിൽ ലഹരിക്കടിമപ്പെടാതെ,അസമത്വം , അനീതി, ദുരാചാരം തുടങ്ങിയവക്ക് കീഴ്പെടാതെ, സമൂഹത്തിന് നാശം വിതക്കുന്ന മനുഷ്യക്കുരങ്ങുകളും , ജാതിക്കോമരങ്ങളുമായി തീരാതെ നാടിനും ,വീടിനും ,രാജ്യത്തിനും, സമൂഹത്തിനും ,വെളിച്ചമാകുന്ന തലമുറയായി നമുക്ക് വളർന്നുവരാം.

ലഹരിക്കും മൊബൈൽ കെണികൾക്കും അടിമപ്പെട്ട്, അസമത്വത്തിനും,അനീതിക്കും,ദുരാപാരത്തിനുംമേൽ കീഴ്പ്പെട്ട് സമൂഹത്തിന് നാശം വീതക്കുന്ന മനുഷ്വക്കുരങ്ങുകളും ജാതിക്കോമരങ്ങളുമാവുന്നവരുടാണ് ഇനിയുള്ള തലമുറയെങ്കിൽ. ഓർക്കുക,പിന്നെ സമൂഹമേഹത്വ.....!!!

# HOPE

HOPE ife is worthless without hope,
To hope something,
to hope someone,
to hope a bright day,
to hope a dull day,
even its a hope ;
we're waiting for it again and again.

The world takes you to darkness without hope,
come out from the darkness in life and move to a bright day.

Is hope something that's leading you ?
yes hope itself! Its limitless...

Everything in this world is about hope,
losing the hope of the clouds comes out as rain,
Loss of hope in men comes out as tears,
So don't lose hope,
give your best,
Be forward,
be hopeful,
be quick.



**Jalva Jannath**



# പ്രണയ ചിത്രം

വിശാലമായ കോമ്പൗണ്ട്, ഒത്ത മധ്യത്തിൽ സ്കൂളിൻ മീതെ ചില്ലകൾ വിടർത്തി പൂത്തു നിൽക്കുന്ന വാകമരം. 9th സ്റ്റാൻഡേർഡിന്റെ ബ്ലോക്കിൽ നിന്ന്  വരുന്ന കാതു തുളപ്പിക്കുന്ന ശബ്ദം കേട്ട് മാലിനി ടീച്ചർ ദേഷ്യത്തിൽ ക്ലാസിലെത്തി. ടേബിളിൽ ആഞ്ഞടിച്ചു കൊണ്ട് ടീച്ചർ എല്ലാവരെയും നിശബ്ദരാക്കി. മിഡിൽ ബെഞ്ചിലിരുന്ന് വർത്തമാനം പറയുകയായിരുന്ന നിഹാരയും കൂട്ടുകാരും ടീച്ചറെ ഒന്നു നോക്കി. അതേസമയം അനൗൺസിങ് ബോക്സിലൂടെ പ്രിൻസിപ്പലിന്റെ ശബ്ദം മുഴങ്ങിക്കേട്ടു."സ്കൂൾ- എക്സിബിഷന്റെ ഭാഗമായി വിദ്യാർഥികളിൽ നിന്നും ചിത്രരചനകൾ ശേഖരിക്കുന്നു. "ഗ്രാമത്തിന്റെ മനോഹാരിത" അഥവാ "Beauty of rural village" എന്ന ടോപ്പിക്കിലാണ് വിദ്യാർഥികൾ വരയ്ക്കേണ്ടത്. നിഹാരക്കും കൂട്ടുകാർക്കും വലിയ ഉന്മേഷമൊന്നും  തോന്നിയില്ല. അവരുടെ ലോകവും വരയുടെ ലോകവും വളരെ  അകലെയാണ് എന്നതുതന്നെ കാരണം.

രാമു ഏട്ടന്റെ ചായക്കടയുടെ വലതുഭാഗത്ത് കയ്യിൽ ഉണ്ടായിരുന്ന അറ്റം പൊട്ടിയ പെൻസിലുകളും കരിയും ഉപയോഗിച്ച് അതിമനോഹരമായ ഒരു ചിത്രത്തിന്റെ അവസാനഘട്ട മിനുക്കുപണിയിലായിരുന്നു തനൂജ്.

സ്കൂൾ ബസ്സ് ഇരമ്പിയാർക്കുന്ന ഒച്ചയോടൊപ്പം നിഹാര കൂട്ടുകാരോടോത്ത് റോഡ് മുറിച്ചു കടന്ന് അപ്പുറത്തെത്തി. ഒരു നിമിഷം പീടികയുടെ വലതുഭാഗത്ത് ഭിത്തിയിലേക്ക് അവളുടെ കണ്ണൊന്ന് തെന്നി. ഒരു നിമിഷം,  അത്ഭുതത്താൽ അവളുടെ കണ്ണൊന്നു വിടർന്നു. ആശ്ചര്യമുഖരിതയായി ഒരു നിമിഷം അവൾ തറഞ്ഞു നിന്നു. കൂട്ടുകാരി തലക്കിട്ട് ഒരു കൊട്ട് കൊട്ടിയപ്പോഴാണ് സ്വബോധത്തിലേക്ക് അവൾ തിരിച്ചെത്തിയത്. ചുറ്റുമുള്ളവർ താങ്കളെ ശ്രദ്ധിക്കുന്നുണ്ടെന്ന ചിന്ത അലട്ടിയപ്പോൾ അവർ പതുക്കെ അവിടെ നിന്നു തിരിഞ്ഞു നടന്നു. ആ സുന്ദരമായ പടത്തിനടുത്ത് അവളെത്തന്നെ നോക്കി ക്കൊണ്ടാ ചെറുപ്പക്കാരൻ നിൽക്കു ന്നുണ്ടായിരുന്നു.

ദിവസങ്ങൾ കടന്നുപോയി എന്നും ആ ചിത്രത്തെയും അത് ചെയ്തയാളെയും നിഹാര എന്നും ഓർക്കും. ഒരു കാര്യം ഉറപ്പിച്ചായിരുന്നു അന്ന് നിഹാര സ്കൂളിലേക്ക് ഇറങ്ങിയത്.   വൈകുന്നേരം പതിവുപോലെ കടത്തിണ്ണയിലിരുന്ന തനൂജിനടുത്തേക്ക് ധൈര്യം സംഭരിച്ചു

കൊണ്ട് നിഹാര ചെന്നു. അവൾ അവനോട് ചോദിച്ചു "എനിക്ക് വേണ്ടി ഒരു ചിത്രം വരച്ചു തരാവോ". അവൾ തുടർന്നു "ഗ്രാമത്തിന്റെ മനോഹാരിതയെ കുറിച്ച്". തനൂജ് ഒരു നിമിഷം മിണ്ടാതെ നിന്നശേഷം പതുക്കെ പറഞ്ഞു" നോക്കാം..." പിറ്റേദിവസം തന്നെ ഗ്രാമത്തിന്റെ മനോഹാരിത ചാലിച്ചു കൊണ്ട് അവന്റെ നിർമിതി... അവൾക്കു വേണ്ടി...!



അവൾക്ക് സന്തോഷം അടക്കാനായില്ല. സ്കൂളിൽ ചെന്ന് ഉടനെ അവൾ അത് കൂട്ടുകാരെ കാണിക്കുകയും ടീച്ചറെ ഏൽപ്പിക്കുകയും ചെയ്തു. ദിവസങ്ങൾ പിന്നെയും കടന്നുപോയി അസംബ്ലിയിൽ വച്ച് തനിക്കാണ് രണ്ടാം സ്ഥാനമെന്ന് കേട്ടപ്പോൾ അവളിൽ ആനന്ദത്തിന്റെ ഒടുങ്ങാത്ത തിരയിളക്കം. വൈകുന്നേരം അവനെ കണ്ടപ്പോൾ അത് പറയാനും ചിത്രത്തിന് നന്ദി പറയാനും അവൾ മറന്നില്ല.

ദിവസങ്ങൾ പിന്നെയും കടന്നുപോയി. റോഡിനരികെ അവനെ കാണുമ്പോൾ ഒരു പുഞ്ചിരി കൈമാറാനും തരം കിട്ടിയാൽ ഒരു ഹായ് പറയാനും അവൾ മറന്നില്ല,അവനും. വരയ്ക്കാനറിയില്ലെങ്കിലും അവനോടുള്ള പ്രണയം അവളെ ഒരു ചിത്രകാരിയാക്കി. പല വർണങ്ങളിൽ, പല ഭാവങ്ങളിൽ അവളുടെ മനസിൽ അയാൾ നിറഞ്ഞുനിന്നു. രണ്ടാഴ്ചകൾക്കിപ്പുറം മടിച്ചുമടിച്ച് കൊണ്ട് അവൾ അവന്റെ അടുത്തേക്ക് ചെന്നു. ഉള്ളിൽ എന്തോ ഒന്ന് തടഞ്ഞപ്പോൾ അവൾ തന്റെ ഇഷ്ടം മറച്ചുവച്ചുകൊണ്ട് പറഞ്ഞു "എനിക്കൊരു പടം കൂടി ചെയ്തു തരാവോ...?" അയാളവളെ ചോദ്യരൂപത്തിൽ നോക്കി. എന്താണ് വരയ്ക്കേണ്ടതെന്ന ചോദ്യമാണ് അവർക്കിടയിൽ നിൽക്കുന്നതെന്ന് തിരിച്ചറിഞ്ഞാവണം അവനെ അർത്ഥഗർഭമായി നോക്കി നാണത്തോടെ പറഞ്ഞു "ഇഷ്ടമുള്ള വിഷയം..."

വികാരത്തള്ളിച്ചയാൽ ആ നിമിഷം നിശ്ചലമായതായി അവന് തോന്നി. മനോഹരമായ പുഞ്ചിരി മുഖത്ത് വിരിച്ചുകൊണ്ട് അവൻ പറഞ്ഞു "ഞാൻ നിന്നെ വരച്ചു കഴിഞ്ഞു നിഹാര, എന്റെ മനസ്സായിരുന്നു ആ ക്യാൻവാസ്."

**അശ്വിൻ രാജ് . എം**
**9-G**

# പറക്കാം അതിരുകളില്ലാതെ

**സയ്യിദ് ഹാദി ഹാമിദ് കെ പി**

സൂര്യ കിരണങ്ങൾ ചിതൽ പിടിച്ച ജനലിന്റെ വിടവിലൂടെ പിന്നിയ പുതപ്പിന്റെ മുകളിൽ നിന്നും അവനെ തലോടിയുണർത്തി.കണ്ണ് തിരുമ്മി പുതപ്പുമാറ്റി സലീം പെട്ടെന്നെഴുന്നേറ്റു.വെട്ടമാകെ പരന്നിട്ടുണ്ട്. ഇന്നെളേമേടെ വായീന്ന് ചീത്തയുടെ ഒരു പൂരായിരിക്കും."കിണറ്റിൻ കരയിൽ എല്ലാവരും കപ്പിയിട്ട് കോരുന്നുണ്ടാവും.നാലു കുടം വെള്ളമെങ്കിലും കിട്ടിലെങ്കി ഇന്നും പട്ടിണി."സലീം കുടം എടുക്കാനായി വിളറിയ മുഖത്തോടെ തേക്കാത്ത ചുമരുള്ള ഇരുണ്ട ഇടനാഴികയിലൂടെ ഇറക്കികെട്ടിയ അടുക്കളയിൽ പ്രവേശിച്ചു. എളേമ തുടങ്ങി:"വെറുതൊന്ന്വല്ല നിൻറെ തള്ള നിന്നെട്ടേച്ചു പോയത്."അവൻ സങ്കടത്തോടെ അടുക്കളയിലേക്ക് നോക്കി.പൊടിച്ച പുട്ട് കട്ടൻ ചായ ഒഴിച്ച് തിന്നുന്ന തന്റെ അനിയനായ എളേമേടെ മോന്റെ പാത്രത്തിലേക്ക് കൊതിയോടെ നോക്കി.കുടമെടുത്ത് കിണറിനെ ലക്ഷ്യമാക്കി സലീം നടന്നു.മുന്നോട്ട് നീങ്ങിയപ്പോൾ പീട്യ കൊലായിൽ നിന്നും റേഡിയോയും കേട്ട്. ചായ മോന്തി കുടിക്കുന്ന വാപ്പയെ കണ്ടു. ഇമ്മറാജി അബൂക്കാരോട് പറഞ്ഞു : "ഈ ചങ്ങായിക്ക് ആ കുട്ടീനെ നാലക്ഷരം പഠിച്ചാൻ വ്ട്ടൂടെ. ഓൻ മുടുക്കനാ , സത്യള്ളോനാ ന്റെ അടക്ക പെർക്യാല് പത്തുർപ്പ്യ ഞാൻ കൊടുക്കും ഒരു മുഠായി,കൂടി വാങ്ങാതെ ഓൻ പെരീ കൊണ്ടോയി കൊടുക്കും. ന്നാ സമാധാനം വയ്ക് കഞ്ഞിന്റുള്ളം അയിന് പെരീന്ന് കിട്ടൂല." അവൻ കേൾക്കാത്ത ഭാവത്തോടെ തലയും താഴ്ത്തി നടന്നു.



"എടാ സലീമെ നീ ഇന്നും ണ്ടാവില്ല്യെ? "എന്ന ഗോപുവിന്റെ ചോദ്യത്തിന് ഏഴാം ക്ലാസുകാരനായ സലീമിന് ഉത്തരം മുട്ടാനെ കഴിഞ്ഞുള്ളൂ.

ഇങ്ങനെ മുഴു പട്ടിണിയിലൂടെയും ദാരിദ്ര്യത്തിലൂടെയും ആയിരുന്നു സലീമിന്റെ ജീവിതം. എങ്ങും അവഗണന.മാവേലിയുണ്ടല്ലോ എന്ന കണക്ക് മാഷുടെ ഉച്ചത്തിലുള്ള ചോദ്യം ക്ലാസിൽ കുട്ടികൾക്കിടയിൽ ഹാസ്യാന്തരീക്ഷമാണ് സൃഷ്ടിച്ചത്.എപ്പോഴും പുച്ഛവും,അവഗണനയും സലീമിന്റെ കൂടെപ്പിറപ്പായിരുന്നു.എന്നാലും തന്റെ മുന്നിലുള്ള അവഗണനയേയും പരിഹാസങ്ങളെയും വകഞ്ഞു മാറ്റി അവൻ രാത്രി പകലാക്കി മാറ്റി അവന്റെ പഠനം തുടർന്നു.അതിനിടയിൽ ഇമ്മറാജിയുടെ അടക്കത്തോട്ടവും കച്ചവടമായി.അവൻ മനസ്സുകൊണ്ട് പറഞ്ഞു :" എന്റെ മുന്നിലുള്ള എല്ലാ വാതിലുകളും അടയുകയാണല്ലോ? പടച്ചോനേ...." അവൻറെ വിളി പടച്ചോൻ കേട്ടത് കൊണ്ടാവാം അധികം വൈകാതെ തന്നെ അവന് ശ്രീധരൻ മാഷുടെ വീട്ടിൽ മോശമില്ലാത്ത ഒരു ജോലിയും, 50 രൂപ കൂലിയും, ഉച്ചക്കഞ്ഞിയും കിട്ടി.

വേനലും മഴയും അവന്റെ ജീവിതത്തിനെ തൊട്ട് തലോടിപ്പോയി.കാലത്തിന്റെ ഏടുകൾ മറിഞ്ഞു.ഇന്നവന്റെ പത്താം ക്ലാസ് റിസൾട്ട് വരുന്നു.അവനും ശ്രീധരൻ

മാഷും മനോരമയിൽ റിസൾട്ട് പരതി.തേർഡ് ക്ലാസിൽ കണ്ടില്ല.സെക്കൻഡ് ക്ലാസിലും കണ്ടില്ല.സലീം വിയർത്തു.നെഞ്ച് പെട പെടാന്ന് ഇടിച്ചു.ശ്രീധരൻ മാഷ് പേപ്പർ വാങ്ങി പരതാൻ തുടങ്ങി.പെട്ടെന്ന് ഉറക്കെ ചിരിച്ചു.എടാ മിടുക്കാ,അവനൊന്നും മനസ്സിലായില്ല.കോളടിച്ചു ഫസ്റ്റ് ക്ലാസ്സാണ് .

തൊട്ടടുത്ത പ്ലസ്റ്റുവിൽ തന്നെ അഡ്മിഷൻ കിട്ടിയിട്ടും അവൻ പോയില്ല,കാരണം ഉപ്പാക്ക് പ്രത്യേകിച്ച് കൂലിയും വേലയുമില്ലാത്തത് കൊണ്ട് വീടിന്റെ ഭാരം അവന്റെ ചുമലിലായിരുന്നു. എങ്കിലും ശ്രീധരൻ മാസ്റ്ററുടെ പരിചയത്തിൽ കുറഞ്ഞ ഫീസിൽ 10 കിലോമീറ്റർ അകലെയുള്ള ട്യൂഷൻ സെന്ററിൽ ഹ്യൂമാനിറ്റീസ് എടുത്തു.അവിടെ സലീമിന് ഉച്ചവരെ ക്ലാസ്സുള്ളൂ.ശ്രീധരൻ മാഷുടെ തോട്ടം കൂടാതെ വീടുകളിൽ പത്രമിടലും മറ്റു ചെറുപണികളും സലീം ചെയ്തു.പുലർച്ച നാല് മണിക്ക് എഴുന്നേറ്റാൽ പുസ്തകത്തിൽ ഒന്ന് കണ്ണോടിക്കും.

> "തേർഡ് ക്ലാസിൽ കണ്ടില്ല.സെക്കൻഡ് ക്ലാസിലും കണ്ടില്ല.സലീംവിയർത്തു.ശ്രീധരൻ മാഷ് പെട്ടെന്ന് ഉറക്കെ ചിരിച്ചു.എടാ മിടുക്കാ.കോളടിച്ചു ഫസ്റ്റ് ക്ലാസ്സാണ് ."

പിന്നെ തുരുമ്പിച്ച സൈക്കിൾ എടുത്ത് പത്രം ഇടാൻ പോവും.അതിൻറെ ചക്രം ബലമായി ചവിട്ടുമ്പോഴും അവന്റെ ക്ലാസിലെ പാഠങ്ങൾ ഉരുവിട്ടുകൊണ്ടിരുന്നു.അധികം സംസാരിക്കാത്ത സൗമ്യഭാവക്കാരനായ സലിം.വലുതായപ്പോഴും നാട്ടുകാർക്കിടയിൽ മതിപ്പുള്ളവാക്കി.കിട്ടുന്നത് എന്തും വായിക്കുന്ന സ്വഭാവം സെലീമിനുണ്ടായിരുന്നു.അ



ങ്ങനെ ചേളൂർ ഗ്രാമത്തിലെ വായനശാലയും സലീമിന് സുഹൃത്തായി.അതിനിടയിൽ അവൻ കുഞ്ഞുനാളിൽ കണ്ട സിനിമയിലെ നടന്റെ വേഷം തന്റെ മനസ്സിലിടക്കിടെ തെളിയാറുണ്ടായിരുന്നു.

വലുതാകുംതോറും പ്രാരാബ്ധങ്ങൾക്ക് ഇടയിലും ആ നായക വേഷത്തോടുള്ള ആരാധന വളർത്തിയിരുന്നു.അങ്ങനെ ശ്രീധരൻ മാഷുടെ ഉപദേശങ്ങളും,നാട്ടിലെ നല്ലവരായ ആളുകളുടെ പ്രചോദനവും,അവനിൽ കുഞ്ഞുനാളിലെ സ്വപ്നത്തിന് ചിറകുമുളപ്പിച്ചു. ഐ.എ.എസ് പഠനമാണ് ഇനി ലക്ഷ്യം.ജോലിയുടെ സമയം കുറച്ച് , ഊണും ഉറക്കവുമില്ലാതെ പ്രയത്നിച്ചു."എനിക്കൊരു കലക്ടർ ആവണം" എന്നത് അവൻ മനസ്സിൽ കൊത്തിവെച്ചു.പിന്നീടുള്ള രണ്ടുവർഷം വാശിയുടെയും കഠിനാധ്വാനത്തിന്റെയും സമയമായിരുന്നു.അർദ്ധരാത്രിയിലും സൂര്യന്റെ പ്രഭ അവനിൽ കത്തുന്നത് പോലെ അവന് തോന്നി.വീട്ടിൽ നിന്നും മാറി നിന്ന് പട്ടണത്തിൽ പഠിക്കുന്ന അവന് വീട്ടിലെ ചിലവിനെ കുറിച്ച് ആശങ്ക ഉണ്ടായിരുന്നു.എങ്കിലും അവന്റെ ഐ.എ.എസ് എന്ന സ്വപ്നം അവനെ പിൻതിരിപ്പിച്ചു.പ്രിലിമിനറിയി

ൽ തരക്കേടില്ലാത്ത മാർക്കോട് കൂടി വിജയിച്ചു.സലിം നാട്ടിൽ കാലുകുത്തിയിട്ടു ഒരു വർഷമായി.അവിടുത്തെ ചിന്തകളെ മനസ്സിൽ മനസ്സിലലട്ടാൻ അവൻ അനുവദിച്ചില്ല.അങ്ങനെ മെയ്ൻ എക്സാം എത്താറായി.

പരീക്ഷയുടെ രണ്ടാഴ്ച മുൻപ് അവിചാരിതമായി നാട്ടിൽ നിന്നും ഒരു ഫോൺകോൾ. "ശ്രീധരൻ മാഷ് മരണപ്പെട്ടു" അവൻറെ കൈവിറച്ചു. കാലിടറി, തൊണ്ടവരണ്ടു.രണ്ടുദിവസം വല്ലാത്തൊരു നീറ്റൽ. നാടിനെ കുറിച്ചുള്ള ഓർമ്മകളും, ശ്രീധരൻ മാഷുടെ പ്രതീക്ഷയുടെ വാക്കുകളും ഇനിയില്ല എന്നോർത്തപ്പോൾ അവൻറെ കാലിൻ ചുവട്ടിലെ മണ്ണ് ഒഴുകി പോകുന്നത് പോലെ തോന്നി .എന്നാൽ അവന് മനസ്സിലായി കാലം ആർക്കും വേണ്ടി കാത്തുനിൽക്കില്ല. നഷ്ടപ്പെട്ടതൊന്നും തിരിച്ചുകിട്ടുകയുമില്ല. കുതിക്കുന്ന കാലത്തോടൊപ്പം കിതച്ചില്ലെങ്കിൽ കാലിടറി വീഴാനുള്ള സാധ്യതകൾ ഏറെയാണ് . അവൻ ഒരു ഫിനിക്സ് പക്ഷി ഉയരുന്നതുപോലെ പഠനം തുടർന്നു പരീക്ഷ കഴിഞ്ഞ് പുറത്തിറങ്ങിയപ്പോൾ ചെറിയ പ്രതീക്ഷയും അതിലേറെ ആശങ്കയും ഉണ്ടായിരുന്നു ഇനിയും പഴയപോലെ തോട്ടക്കാരും എൻറെ സൈക്കിളും എന്നെ മാടി വിളിക്കുമോ? അങ്ങനെ അവൻ നാട്ടിലേക്ക് വണ്ടി കയറി. രണ്ടുമാസം നാട്ടിൽ അവൻ അഭിമാനത്തോടെ ജീവിച്ചു. . അങ്ങനെയിരിക്കുമ്പോൾ അവൻ വായനശാലയിലെ പത്രത്തിൽ നിന്നും ഒരു പത്രവാർത്ത കണ്ടു. . സിവിൽ സർവീസിന്റെ ഫലം ഡിസംബർ 18ന്. അവൻ ഡിസംബർ 18 ന് ആയി കാതോർത്തു. അങ്ങനെ കാലത്തിൻറെ ഘടികാരം അന്ന് അവനു വേണ്ടിയായിരുന്നു. റിസൾട്ടിന്റെ ദിവസം വന്നെത്തി. പത്രം പരതാൻ അവൻ ചായക്കടയിലേക്ക് പോയി. അവൻ കടയിലേക്ക് പ്രവേശിക്കും മുമ്പ് തന്നെ അങ്ങാടിയിൽ പടക്കം പൊട്ടി. അവൻറെ നേരെ സീനാൻ പത്രം നീട്ടി. അവൻറെ കണ്ണുകൾക്ക് വിശ്വസിക്കാനായില്ല. പത്രത്തിലെ മുൻപേജിൽ അവൻറെ ഫോട്ടോ. കീറിയ വള്ളി ട്രൗസർ ഇട്ട് അടക്ക പെറുക്കി നടന്ന സലീം ഇന്നവന്റെ നാടിനു  മാത്രമല്ല ആ ജില്ലക്കും  അഭിമാനമായി മാറി. നമുക്ക് ഒരു മാതൃകയും.

കീറിയ വള്ളി ട്രൗസർ ഇട്ട് അടക്ക പെറുക്കി നടന്ന സലീം ഇന്നവന്റെ നാടിനു മാത്രമല്ല ആ ജില്ലക്കും അഭിമാനമായി മാറി. നമുക്ക് ഒരു മാതൃകയും.



# മാതൃഭാഷ

ജയ ജയ ജയ ജയ അവനിയിലുള്ളൊരു
മായപൊൻമയിൽ പോലൊരു നാട്
കേരളമെന്നതിൻ പേരുവിളിച്ചു
അധികതുങ്കപതത്തിൽ സ്ഥാനം നേടി

പാറുന്ന തത്തയിൽ കാണുന്നു ഞങ്ങൾ
മലയാളമെന്നൊരു മാതൃഭാഷ
ഗുരുപോലെയുള്ളവർ വളർന്ന നാട്
ചിലങ്ക പോലാണെന്റെ മലയാള നാട്

രചനയിൽ കാണുന്ന തിങ്കളിനെ പോലെ
തിളങ്ങീടും ഞങ്ങളുമിനി മലയാളനാട്ടിൽ
സ്വർഗ്ഗമാം എൻ ഭുമി മലയാളമെൻഭാഷ
താമരപോൽ വിരിയുന്ന മലായാള നാട്

വേർത്തിരിവില്ലാത്ത അധംപതിയില്ലാതെ
ഉയരുന്നു ഉയരുന്നു വിജയത്തിലേക്ക്
ചുടുരക്തം പോലെ തിളക്കുമീ ഞങ്ങളും
കേരളമെന്ന മലയാള ഭാഷയുടെ നല്ലതിൻമാത്രമായ്

മലയാളമെൻ ഭാഷ നീതിയാണെൻ ഭാഷ
മുന്നേറ്റത്തിനായ് ജനിച്ച ഭാഷ
മലയാളം മലയാളം മാമല മലയാളം

# പടിയിറക്കത്തിൻ്റെ മുറിപ്പാടുകൾ

**അബ്ദുള്ള തുവ്വൂർ**
അറബിക് അധ്യാപകൻ
പി.എച്ച്.എസ്.എസ്. പന്തല്ലൂർ

PHSS എന്ന വൻ തണൽ മരത്തിൽ നിന്നും മൂന്ന് ഇതളുകൾ കൂടി പൊഴിയുകയാണ്. ഓരോ വർഷവും ശിശിരത്തിലെ ആഗമനത്തിലെ കാറ്റിളകി വീഴുന്ന പഴുത്തിലകൾ പോലെ ഓരോ ഇതളുകൾ പൊഴിഞ്ഞ് കൊണ്ടിരിക്കുന്നു. കൊഴിയുന്ന ഓരോ ഇലകൾക്ക് പകരവും കുതിർത്ത് തളിർത്ത് കുഞ്ഞിലകൾ വരുമെങ്കിലും നൈർമല്യവും ലോലവുമായ കുഞ്ഞിലകൾക്ക് അതിശൈത്യത്തിലെ കൊടുംചൂടിനേയും ശിശിരത്തിലെ അതിശൈത്യത്തേയും പറയാതെ വരുന്ന ചുഴലികാറ്റുകളേയും പ്രതിരോധിക്കാൻ കഴിയണമെന്നില്ല എന്നത് സത്യമാണ്. എന്നിരുന്നാലും കുഞ്ഞിലകൾക്ക് കരുതലും തലോടലുകളും നൽകിയാണ് നമ്മിൽ നിന്നും കൊഴിയുന്നത് എന്നതിൽ കൊഴിയുന്ന ഇലകളേക്കാൾ ഞങ്ങൾക്കും ആശ്വസിക്കാം.



Phss എന്നത് വെറും ഒരു തണൽ മരമല്ല, അജ്ഞതയുടെ വിശപ്പുമായി  പറന്നു വരുന്ന കുഞ്ഞു പറവകൾക്ക് അഭയം നൽകുകയും അറിവാകുന്ന പാനപാത്രത്തിൽ നിന്നും വിശപ്പകറ്റി ജീവിതത്തിലേക്കുള്ള ഒരു വെളിച്ചവുമേന്തി അവർ ഓരോ മാർച്ച് മാസത്തിലും തിരിച്ചകലുകയും ചെയ്യുന്ന ഒരു സ്നേഹ വീട് കൂടിയാണ് phss...

ഒരു ചാറ്റൽ മഴയുടെ അകമ്പടിയോടെ പാതി നനഞ്ഞ് കുതിർന്ന് ഈ രാജാങ്കണത്തിലേക്ക് ചേക്കേറിയത് . ഓർമ്മകളിൽ ഒരു മായാത്ത ഓർമ്മയായി ഇന്നും അലതല്ലുന്നു. ഈസ മാഷുടെ സൗമ്യമായ ഒരു ശബ്ദ സന്ദേശമാണ് ഇന്നും ഈ കുടുംബത്തോടൊപ്പം ഒരു കുടുംബാംഗത്തെ പോലെ കഴിയുന്നതിനും കാരണമായത്. മുൻപരിചയമില്ലാത്തതിനാലാവും സ്കൂളും കോമ്പൗണ്ടും കുട്ടികളെയും അധ്യാപകരെയും എല്ലാം കണ്ടതോടെ ശബ്ദമിടറാൻ തുടങ്ങിയതും കാലുകൾ തമ്മിലടിക്കുന്നത് പോലെ അനുഭവപ്പെട്ടതും ... എച്ച് എം ഗീത ടീച്ചറും സ്കൂൾ മാനേജറായിരുന്ന അസീസ് മാഷുടെയും ചെറിയ കുശിലാന്വേഷണങ്ങൾക്ക് ശേഷം ഡിപ്പാർട്ട്മെൻ്റ് ഹെഡായ ജലീൽ മാഷും മുബാറക്ക് മാഷും ഒരു കുഞ്ഞനുജനെ പോലെ സ്വീകരിക്കുകയും പരിഗണിക്കുകയും ചെയ്തതോടെ നനഞ്ഞ വസ്ത്രങ്ങളെല്ലാം പതിയെ ഉണങ്ങി തുടങ്ങി...

ഒരു വസന്തകാലത്തെ ഓർമ്മപ്പെടുത്തുന്ന പോലെയായിരുന്നു ആ ദിനങ്ങൾ , പഴയ നാല് കെട്ട് വീട് പോലെ ചുറ്റും ഓടിട്ട് നീണ്ട് നിവർന്ന് കിടക്കുന്ന ക്ലാസ്സ്മുറികൾ, ക്ലാസ്സ്മുറികൾക്ക് മുമ്പിൽ കൃസ്തുമസ് ട്രീ പോലെ തലയുയർത്തി നിൽക്കുന്ന ഉങ്ങു

മരങ്ങളും, നടുമുറ്റത്ത് പടർന്ന് പന്തലിച്ച് നിൽക്കുന്ന ചീനിയമ്മയും കൗതുകമായിരുന്നു. .. പിന്നീടുള്ള ഓരോ ദിനങ്ങളും ഈ സ്നേഹ വീട്ടിലായിരുന്നു.

അക്ഷര വെളിച്ചം കൊണ്ടും സംസകാര സമ്പന്നത കൊണ്ടും ഒരു നാടിന്റെ വിളകുമാടമായി ജ്വലിച്ച് നിൽക്കുകയാണ് ഇന്നും ഈ കലാലയം. വിവിധ മേഖലകളിലായി മികവുറ്റ ഒരു പാട് പ്രതിഭാ ശാലികളെ വാർത്തെടുക്കാൻ കഴിഞ്ഞു എന്നത് Phss ന്റെ നേട്ടമാണ് അതിൽ അധ്യാപകരെന്ന നിലയിൽ പങ്ക് വഹിക്കാൻ കഴിഞ്ഞതിൽ ഓരോരുത്തരും അഭിനന്ദനാർഹരാണ്. താത്കാലിക അധ്യാപകനായിട്ടാണ് വന്നതെങ്കിലും ഈ സ്നേഹ കുടുംബത്തിൽ നിന്നും താത്കാലിക സ്നേഹമോ പരിഗണനയോ ആയിരുന്നില്ല ഇത് വരെ ലഭിച്ചതും ലഭിച്ച് കൊണ്ടിരിക്കുന്നതും . പ്രത്യേകിച്ച് ഈ വർഷം പടിയിറങ്ങുന്ന പ്രിയപ്പട്ടവരിൽ നിന്ന് . ഹൃദയാന്തരങ്ങളിൽ എവിടെയോ ആഴ്ന്നിറങ്ങിയ സ്നേഹത്തിന്റെ വേരുകൾ പെട്ടന്ന് നഷ്ടപ്പെട്ടുമ്പോൾ മാനസാന്തരങ്ങളിൽ നഷ്ടത്തിന്റെ ഇരുളുകൾ പരക്കുന്നുവെന്ന് തോന്നുന്നു. അത്രമേൽ സ്നേഹ സൗഹാർദ്ധവും പരിഗണനയുമാണ് പ്രിയപെട്ട ജലീൽ മാഷിൽ നിന്നും നിഷി മാഷിൽ നിന്നും അനിൽ മാഷിൽ നിന്നും എനിക്ക് ലഭിച്ച് കൊണ്ടിരുന്നത്. വളരെ സൗമ്യമായും സ്നേഹത്തോടെയും അങ്ങേയറ്റത്തെ പരിഗണനയോടെയുമായിരുന്നു ഒരു സ്ഥാപന മേധാവിയായിട്ട് പോലും നിഷി മാഷ് എന്നിൽ ജീവിച്ചിരുന്നത്. ഒരുപാട് കാര്യങ്ങൾ ഞാൻ സാറിൽ നിന്നും



പഠിച്ചെടുത്തിട്ടുണ്ട്. ഒരു മികച്ച സംഘാടകൻ ആണെന്നതിന്റെ വലിയ തെളിവാണ് സംഘട്ടനങ്ങളില്ലാതെ വളരെ നല്ല രീതിയിൽ ശാസ്ത്രമേള നടത്തിയത്. പഠന പാഠ്യേതര പ്രവർതനങ്ങളിൽ കണിഷതയോടെ നിന്നത്



കൊണ്ട് തന്നെ വലിയ ഒരു വിജയവർഷം കൂടിയാണ് ഈ വർഷം എന്നതിലും സാറിന് അഭിമാനിക്കാം . മിതമായ സംസാരവും പക്വമായ വസ്ത്രധാരണയും എന്നും മനസിൽ സൂക്ഷിക്കാൻ പറ്റുന്ന മറക്കാത്ത സത്യങ്ങളാണ്.
മേയ് മാസങ്ങളിൽ പൂത്ത് നിൽക്കുന്ന വർണ്ണ പുഷ്പങ്ങളുടെ ഇതളുകൾ പോലെ എന്നും പ്രസന്നമായിരുന്നു അനിൽ മാഷിന്റെ പുഞ്ചിരി... ആ പുഞ്ചിരിയിൽ സ്നേഹത്തിന്റെയും സൗഹാർദ്ധത്തിന്റെയും വറ്റാത്ത മധുവുണ്ടായിരുന്നുവെന്നും സത്യമായിരുന്നു.

ഒരു പണ്ഡിതന്റെ അറിവും ഒരു രാജാവിന്റെ പ്രവർത്തനങ്ങളുമായിരുന്നു ജലീൽ മാഷിൽ നിന്നും ഉണ്ടായിരുന്നത്. മിതമായ സംസാരത്തിലൂടെയും എളിമയായ ഇടപെടലിലൂടെയും കാര്യങ്ങൾക്ക് വിധി നിർണ്ണയിക്കാൻ കഴിവ് നേടിയത് പിതാവിൽ നിന്നുള്ള കഴിവ് തന്നെയെന്നതും സത്യമാണ്. സ്കൂളിനും കുട്ടികൾക്കും മാത്രമല്ല നാട്ടുകാർക്ക് വരെ പ്രിയപ്പെട്ടതാക്കിയെങ്കിൽ ജലീൽ സാറിന്റെ ഇടപെടലുകൾ മഹത്ത്വരം തന്നെയെന്നതിലും സംശയമില്ല. എനിക്ക് ജലീൽ മാഷ് വെറും ഒരു സഹ

പ്രവർത്തകൻ മാത്രമല്ലായിരുന്നു, സ്നേഹം ക്കൊണ്ടും പരിഗണനകൊണ്ടും ഒരു പിതാവായിരുന്നു സൗഹൃദം കൊണ്ടും പ്രവർത്തനങ്ങൾ കൊണ്ടും ഒരു സഹോദരനും കൂടിയായിരുന്നു. ... അനാഥനല്ലെങ്കിലും അനാഥമായ ജീവിതത്തിനിടയിൽ ജീവിതത്തിലേക്ക് കൈ പിടിച്ചപ്പോൾ പടർന്നു പന്തലിച്ച ഒറ്റ മരത്തിൽ കൂടുകൂട്ടിയ രണ്ട് ദേശാടന കിളികളെ പോലെയായി എല്ലാം പങ്ക് വെക്കാനും ചോദിച്ചറയാനും അവസരങ്ങൾ തന്നിരുന്നു. പാതി പൊഴിഞ്ഞ ശിശിരത്തിലെ മരച്ചില്ലകളുടെ ഇടയിൽ കിന്നാരം പറഞ്ഞിരിക്കുന്ന പക്ഷികളെ പോലെയായിരുന്നു പ്രശ്നങ്ങളിൽ ഇടപെടുമ്പോഴുണ്ടായിരുന്നത്, അത്രമേൽ തോളോട് തോള് ചേർത്ത് കേട്ടിരിക്കുന്നതായി കാണാൻ കഴിഞ്ഞിരുന്നു. ഇനിയെല്ലാം ഓർമ്മപ്പെടുത്തലുകൾ മാത്രമാകുമോ എന്ന ഭീതി വല്ലാതെ വേദനിപ്പിക്കുന്നു. തീർത്തും ഈ വർഷം നഷ്ടങ്ങളുടെ കണക്കു പുസ്തകത്തിൽ മായാത്ത വരികളായി ചേർക്കപ്പെട്ട വർഷമാണ്. എങ്കിലും ജീവിതത്തിലെ  വലിയ പ്രതീക്ഷയും സ്വപ്നവും സാക്ഷാൽക്കരിക്കുന്നതിനായി എന്നേക്കാൾ പരിശ്രമിച്ച് എനിക്ക് വേണ്ടി മുന്നോട്ട് വന്ന എന്റെ പ്രിയപ്പെട്ട ജലീൽ മാഷിന് എങ്ങനെ നന്ദി പറയണമെന്നറിയുന്നില്ല. ..

നടന്നു നീങ്ങിയ ഇന്നലെകളുടെ ചരിത്രത്താളുകളിൽ ഒരുപാട് മറക്കുവാനാവാത്ത ഓർമ്മകൾ സമ്മാനിച്ചാണ് മൂന്ന് പേരും പടിയിറങ്ങുന്നത്.  ജീവിതവീഥികളിൽ ഒരു വഴിവിളക്കായി ജ്വലിച്ച് നിന്ന് മറ്റുള്ളവർക്കായി ജീവിതം മാറ്റി വെക്കാൻ നിങ്ങൾക്ക് കഴിഞ്ഞു. നാല് ചുമരുകൾക്കുള്ളിൽ നിന്ന് നിങ്ങളുടെ അധരങ്ങളിൽ നിന്ന് അടർന്നുവീണ അക്ഷരത്തുണ്ടുകളും മനസിൽ നിന്നുത്ഭവിച്ച ആശയങ്ങളും ചേർന്ന് ഇന്നത്തെ സമൂഹത്തെ വാർത്തെടുക്കാൻ കഴിഞ്ഞു എന്നതിൽ  അഭിമാനിക്കാം... വാടിക്കുഴഞ്ഞൊരു പനനീർ പുഷപത്തിന്റെ ഇലകൾക്ക് മേൽ പ്രഭാതത്തിന്റെ നയനങ്ങളിൽ ന്നിന്നുറ്റി വീണ മഞ്ഞുകണങ്ങൾ പോലെയാവുമോ എന്റെ ദിനങ്ങൾ എന്ന് വരെ ഞാൻ ഭയക്കുന്നു. അഗാതമായ ബന്ധത്തിന്റെയും സ്നേഹത്തിന്റെയും ഇടയിൽ ഒന്നിക്കാൻ കഴിയാതെ പോയ ജിബ്രാൻ തന്റെ പ്രിയ കാമുകിയോട് പറഞ്ഞ പോലെ, ഞാനും എന്റെ വരികൾ ഈ പടിയിറക്കത്തിന്റെ മായാത്ത മുറിപ്പാടുകളായി അടയാളപ്പെടുത്തട്ടെ..
"വിശന്നുവലഞ്ഞവൻ സദ്യയെ സ്വപനം കാണുന്ന പോലെ, കിരീടം നഷ്ടപ്പെട്ട രാജാവ് പ്രതാപകാലം അയവിറക്കുന്ന പോലെ (നിങ്ങളെ) ഞാൻ ഓർക്കും...



ലിറ്റിൽ കൈറ്റിന്റെയും വിദ്യാരംഗത്തിന്റെയും
സംയുക്ത സംരംഭം

# വെളിച്ചത്തിലേക്ക്

